# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 6 ലക്കം 7 പേജുകൾ 37 ഒക്ടോബർ 2025


## നോബൽ ഹംഗറിയിലേക്ക്



ലാസ്ലോ ക്രാസ്നഹോർകൈ

കഥ



അശോകൻ സി.ജി.

കഥ



ഹാജറ കെ.എം.

കഥ



ഗായത്രി ഗോപകുമാർ

കഥ, കവിത, കാർട്ടൂൺ കേരളം


JOS ALUKKAS
A TRADITION OF FINE JEWELLERY
SHUBHA MANGALYAM
Wedding Jewellery
എക്സ്ചേഞ്ച് ചെയ്യുമ്പോൾ 0% കുറവ്
പഴയ 22കാരറ്റ് സ്വർണ്ണം എക്സ്ചേഞ്ച് ചെയ്ത് HUID സ്വർണ്ണമാക്കൂ ആകർഷകമായ ആനുകൂല്യങ്ങളോടെ
*T&C Apply
Round East, THRISSUR. Ph: 0487-2331812
Shop online at josalukkas.com

# Editor's page:





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032



എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**




**2025**ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് ഹംഗേറിയൻ നോവലിസ്റ്റ് ലാസ്ലോ ക്രാസ്നഹോർകൈ തെരഞ്ഞെടുക്കപ്പെട്ടു. ആധുനിക ജീവിതത്തെ സാന്ദ്രവും ദാർശനികവുമായി അവതരിപ്പിച്ച നോവലിസ്റ്റും തിരക്കഥാകൃത്തുമാണ് ലാസ്ലോ. നിരവധി ചെറുകഥകളുടെയും രചയിതാവാണ് അദ്ദേഹം. ഭീകര സാഹചര്യങ്ങൾക്ക് നടുവിലും കലയുടെ ശക്തി ഉറപ്പിച്ച്, അക്ഷരങ്ങളിലൂടെ പോരാടിയ ലാസ്ലോയുടെ രചനകൾ, ശക്തി സ്രോതസ്സും ഒപ്പം ദർശനാത്മകവുമാണ്. സാഹിത്യത്തിനുള്ള നോബൽ ഹംഗറിയിൽ എത്തുന്നത് ഇത് രണ്ടാം തവണ. 2002ൽ ഇമ്രെ കെർട്ടസിന് നോബൽ സമ്മാനിച്ചിരുന്നു.

1985 പുറത്തിറക്കിയ ആദ്യ നോവൽ 'സതന്റാംഗോ' അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. നിരാശയുടെ പടുകുഴിയിൽ അകപ്പെട്ട ഒരു ഗ്രാമത്തിന്റെ ഹൃദയഭേദകമായ ചിത്രമായിരുന്നു ആദ്യ നോവൽ. പിന്നീടത് ദൈർഘ്യമേറിയ സിനിമയായി. ലിസ്ലോയുടെ എഴുത്ത് പലപ്പോഴും അരാജകത്വത്തിന്റെയും ഒറ്റപ്പെടലിന്റെയും അസ്ഥിരമായ ഒരു ലോക ക്രമത്തിൽ അർത്ഥം തേടിയുള്ള അന്വേഷണത്തിന്റെയും ഒക്കെ നേർക്കാഴ്ചകളായിരുന്നു.

'ദി മെലാങ്കോളി ഓഫ് റസിസ്റ്റൻസ്' (1989), 'വാർ ആൻഡ് വാർ' (1999), 'സീയോബോ ദേർ ബിലോ' (2008) എന്നിവ അദ്ദേഹത്തിന്റെ പ്രശസ്ത കൃതികളാണ്. ഇരുളിന്റെ കാഴ്ചകളും ധ്യാനാത്മകമായ കഥ പറച്ചിലും അദ്ദേഹത്തിന്റെ രചനകളെ ആഗോള വായനക്കാരിൽ എത്തിച്ചു. വലിയ വെല്ലുവിളികൾ നേരിടുന്ന സമകാലിക ലോകത്ത്, അസ്ഥിരതയുടെ അർത്ഥതലങ്ങൾ തേടിയ ഒരു എഴുത്തുകാരൻ സാഹിത്യത്തിലെ പരമോന്നത ബഹുമതിക്ക് തെരഞ്ഞെടുക്കപ്പെട്ടത് തീർത്തും അർത്ഥവത്താകുന്നു. യാദൃച്ഛികമായി നമുക്ക് ലഭിച്ച എല്ലാ നല്ല കാര്യങ്ങളും മാപ്പർഹിക്കാത്ത വിധം നാം പാഴാക്കുന്നതിനെ കുറിച്ച്, പ്രപഞ്ചത്തിന്റെ ഭ്രാന്തമായ നിലവിളിയാണ് ലാസ്ലോയുടെ ഭാഷ എന്ന് വിലയിരുത്തപ്പെടുന്നു.

**സി ആർ രാജൻ**
എഡിറ്റർ

# അകത്താളുകളിൽ

## കഥ


ഗായത്രി ഗോപകുമാർ ............. പേജ് 6
ഹാജറ കെ.എം. .................. പേജ് 10
അശോകൻ സി.ജി. .............. പേജ് 13
കൃഷ്ണകുമാർ മാപ്രാണം ...... പേജ് 16
നുഷറ സി.എച്ച് .................. പേജ് 19
ബി.ജോസുകുട്ടി ................. പേജ് 20


## കാർട്ടൂൺ


എം.ആർ.ബാലചന്ദ്രൻ ........... പേജ് 5



## കുട്ടികളുടെ മഷിപ്പച്ച


വര, കവിത ....................... പേജ് 34


## കവിത


ഷഫീന സൈത്തൂൻ............ പേജ് 24
കയ്യുമ്മു കോട്ടപ്പടി .............. പേജ് 25
ജയപാലൻ കാര്യാട്ട് ............. പേജ് 26
നിബിൻ കള്ളിക്കാട്............ പേജ് 27
പ്രദീപ് എസ്.എസ്. ..............പേജ് 28
ബഷീർ മുളിവയൽ ............. പേജ് 29
അജയ് നാരായണൻ............ പേജ് 30
ഷംല ആവള ...................... പേജ് 31
നളിനാക്ഷൻ ഇരട്ടപ്പുഴ .........പേജ് 32
കുഞ്ഞച്ചൻ മത്തായി ............പേജ് 33

## കാർട്ടൂൺ കേരളം





എം. ആർ. ബാലചന്ദ്രൻ

# അവശേഷിപ്പുകൾ




**ഗായത്രി ഗോപകുമാർ**
Plus One
GMBHSS Wadakkanchery


ഏറെ കാലങ്ങൾക്കു ശേഷം തുറന്നിട്ട ജാലകത്തിലൂടെ ‘ഞങ്ങൾക്കിവിടെ സ്ഥാനമുണ്ടോ?‘ എന്നു സംശയിക്കും പോലെ അറച്ചറച്ച് അന്തിവെയിലിന്റെ രശ്മികൾ ആ കൊച്ചു മുറിയിലേക്ക് മെല്ലെ കടന്നുവന്നു. തയ്യൽ മെഷീനു മുകളിൽ തൂങ്ങി കിടക്കുന്ന ബൾബ് ‘താൻ പകരുന്ന വെളിച്ചത്തിന് ഈ കട്ടപിടിച്ച ഇരുട്ടിനെ ദുരീകരിക്കാനാകുമോ?‘ എന്ന സംശയവും, അപകർഷതാബോധവും കൊണ്ട് കണ്ണു ചിമ്മിയിട്ട് നാളേറെയായിരിക്കുന്നു. മുറിയുടെ മൂലയിൽ പൊടിപിടിച്ചിരിക്കുന്ന റേഡിയോയാകട്ടെ ‘ ഈ ലോകത്തു നടക്കുന്ന ഭയാവഹമായ സംഭവങ്ങളെ വിവരിക്കാൻ തനിക്കു വയ്യ ‘എന്ന മട്ടിൽ മൗനം ഭജിച്ചിരിക്കുന്നു.



ബൾബിന്റെ ശാഠ്യത്തെ വകവയ്ക്കാതെ തന്റെ പൊന്നോമനമകൾക്കായി കുഞ്ഞുടുപ്പുകൾ തുന്നുകയായിരുന്നു എമിലി . അവളുടെ അഞ്ചുവയസ്സുകാരി മകൾ എലീനയാകട്ടെ അവൾക്കേറ്റവും പ്രിയപ്പെട്ട, എങ്കിലും വളരെ നാളായി, അവളുടെ മൃദുലമായ കുഞ്ഞുവിരലുകളുടെ സ്പർശം ഏൽക്കാതെ പൊടിപിടിച്ചു കിടന്ന, കണ്ണു ചിമ്മി തുറക്കുന്ന, അഗ്രങ്ങളിൽ വെളുത്ത മുത്തു കോർത്ത ചുവന്ന ഉടുപ്പിട്ട സുന്ദരിപ്പാവക്കുട്ടിയുടെ മേൽ പറ്റിയ പൊടിയും, അഴുക്കും തുടച്ചു മാറ്റുന്നതിൽ വ്യാപൃതയായി അമ്മയുടെ അടുത്തിരിക്കയായിരുന്നു.

‘അമ്മേ, ദേ നോക്ക്യേ..., എന്റെ പാവക്കുട്ടീനെ ഇപ്പോ കാണാൻ എന്തോരു ഭംഗിയാ!‘

സന്തോഷം തുളുമ്പുന്ന നക്ഷത്ര കണ്ണുകൾ വിടർത്തി അമ്മയെ നോക്കിക്കൊണ്ട് അവൾ പാവയെ എമിലിക്ക് കാട്ടി കൊടുത്തു. അവളുടെ നിഷ്കളങ്കമായ മുഖം കണ്ട് എമിലി പുഞ്ചിരിച്ചു. ‘അമ്മേ, എന്നെ പാർക്കിൽ കൊണ്ടു പോവ്വോ ? എന്റെ പാവക്കുട്ടീനെ എനിക്ക് ലില്ലിക്കും, നീനയ്ക്കും കാട്ടി കൊടുക്കണം. എത്ര നാളായി അവരെ കണ്ടിട്ട് , എനിക്ക് അവരുടെ കൂടെ കളിക്കണം. ഹായ് ! എന്തു രസമായിരിക്കും‘ ആ രംഗം ഭാവനയിൽ കണ്ടിട്ടെന്ന പോലെ എലീന മനോഹരമായി പുഞ്ചിരിച്ചു. ‘നമ്മുക്ക് പോകാം അമ്മേ.‘ അവൾ അമ്മയുടെ വസ്ത്രത്തിൽ പിടുത്തമിട്ടു വലിച്ചു. എമിലിയുടെ മുഖത്തെ പുഞ്ചിരി മാഞ്ഞു. മനുഷ്യ മനസ്സിൽ സ്നേഹത്തിനും, സൗഹൃദത്തിനും, സാ

ഹോദര്യത്തിനും അർത്ഥമില്ലാതായിരിക്കുന്നെന്നും സ്വന്തം കൂടപ്പിറപ്പിന്റെ രക്തം ചിന്തുന്നതും, അവരുടെ കുടുംബം അനാഥമാകുന്നതും , പിഞ്ചുകുഞ്ഞുങ്ങൾ വിശന്നുപൊരിഞ്ഞ വയറുമായ് ഒരു തുണ്ടു വസ്ത്രം പോലുമില്ലാതെ തെരുവിൽ കരഞ്ഞലയുന്നതും കണ്ടു രസിക്കുന്ന നരാധമൻമാരായി അവർ തീർന്നുവെന്നും ഈ കുഞ്ഞിനോടെങ്ങനെ പറയും?


‘ ഇപ്പോൾ പോകാൻ പറ്റില്ലല്ലോ മോളെ, നമ്മുക്ക് പിന്നെ ഒരു ദിവസം പോവാം ട്ടോ.‘ എമിലി മകളെ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

‘എത്ര ദിവസമായി അമ്മ ഇതുതന്നെ പറയുന്നു!‘ എലീന അത്ഭുതവും പരിഭവവും ഇടകലർന്ന സ്വരത്തിൽ പറഞ്ഞു. എന്തുചെയ്യണമെന്നറിയാതെ എമിലി കുഴങ്ങി. ‘എന്നാൽ എനിക്ക് ആകാശത്തെ പക്ഷികളെ കാണിച്ചു തരോ?‘ പറഞ്ഞുതീരും മുൻപ് എലീന ബാൽക്കണിയിലേക്ക് തുറക്കുന്ന വാതിലിനടുത്തേക്കോടിപോയി കാത്തുനിൽപ്പായി. അതിനിടയിൽ അവൾ കൈയ്യിൽ മുറുക്കിപ്പിടിച്ചിരുന്ന സുന്ദരിപ്പാവയെ നിലത്തുപേക്ഷിച്ചിരുന്നു. അതിൽ പരിഭവിച്ചെന്നവണ്ണം സുന്ദരിപ്പാവ കണ്ണടച്ചു.

പുഞ്ചിരി തൂകി കൊണ്ട് കസേരയിൽ നിന്നെഴുന്നേറ്റു വന്ന് എമിലി ബാൽക്കണിയിലേക്കുള്ള വാതിൽ തുറന്നു. ഇപ്പോൾ ഒരു സംശയവും കൂടാതെ സൂര്യകിരണങ്ങൾ മുറിയിലേക്ക് പാഞ്ഞുകയറി.

എലീന ബാൽക്കണിയിലേക്ക് ഓടിപ്പോയി കൗതുകത്തോടെ ആകാശത്തേക്ക് നോക്കി. അവളുടെ അച്ഛൻ കൂടെയുണ്ടായിരുന്നപ്പോൾ എല്ലാ സന്ധ്യകളിലും അവളെയും കൂട്ടി കുന്നിൻ മുകളിൽ പോകും. തന്റെ ചുമലിൽ അവളെ ഇരുത്തി കൊണ്ട് കൂടണയുന്ന പക്ഷികളെ കാട്ടി കൊടുക്കും. സൂര്യാസ്തമനവും കണ്ടേ അവർ തിരിച്ചു വരിക പതിവുണ്ടായിരുന്നുള്ളു.ആ ഓർമ്മയിൽ എമിലി ഒരു ചുടു നെടുവീർപ്പിട്ടു. പിന്നെ മകളുടെ പിന്നിൽ വന്ന് നിലയുറപ്പിച്ചു. ഒരു പാടു നേരം എലീന സൂര്യകിരണങ്ങൾ ചുവപ്പു ചാലിച്ച ആകാശം കണ്ണിമയ്ക്കാതെ നോക്കി നിന്നു. എന്നാൽ ഒരൊറ്റ പക്ഷിയെ പോലും അവൾക്ക് കാണാൻ സാധിച്ചില്ല. അവളുടെ ഓമന മുഖത്ത് നിരാശ പടർന്നു. അവൾ മെല്ലെ തലതാഴ്ത്തി. എന്നാൽ പെട്ടെന്നെന്തോ കണ്ടെത്തിയിട്ടെന്ന പോലെ അവളുടെ കണ്ണുകൾ വിടർന്നു. ‘പക്ഷികളും നമ്മളെ പോലെ പേടിച്ച് വീട്ടിലിരിക്ക്യായിരിക്കും അല്ലേ അമ്മേ?‘ അവൾ പെട്ടെന്ന് ചോദിച്ചു. അവളുടെ ചോദ്യം കേട്ട് എമിലി അമ്പരന്നു. കുഞ്ഞു മനസ്സിൽ അവസ്ഥാന്തരങ്ങൾ എത്ര ആഴത്തിൽ പതിച്ചിരിക്കുന്നു! അമ്മയുടെ മറുപടി കാത്തു നിൽക്കാതെ എലീന വീണ്ടും തന്റെ സുന്ദരിപ്പാവയെ തേടി പോയിരുന്നു.

എമിലി പതിയെ ബാൽക്കണിയ്ക്കടുത്തേക്ക് നടന്നു. കമ്പികളിൽ വിരൽ കോർത്ത് താഴെ തെരുവിലേക്ക് കണ്ണോടിച്ചു. തെരുവിലെ കാഴ്ച ഹൃദയഭേദകമായിരുന്നു. ഒരിക്കൽ ആ



ളും ആരവങ്ങളും ഉത്സവങ്ങളും നിറഞ്ഞു നിന്ന തെരുവീഥികൾ എത്ര നിശബ്ദമായിരിക്കുന്നു! ഇപ്പോഴും കത്തികൊണ്ടിരിക്കുന്ന കൊച്ചു കുടിലുകൾ, ആക്രമണത്തിൽ നിലംപൊത്തിയ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ. ഏറെക്കുറെ എരിഞ്ഞടങ്ങിയ തെരുവിന്റെ ബാക്കിപത്രമായ് വന്ന ചാരക്കൂനകൾ കണ്ടപ്പോൾ അത് തങ്ങളുടെ പ്രതീക്ഷകളും, സ്വപ്നങ്ങളും, മോഹങ്ങളും എല്ലാം കൂട്ടിയിട്ടു കത്തിച്ചതിന്റെ അവശേഷിപ്പായി എമിലിക്കു തോന്നി.

പെട്ടെന്നാണ് തെരുവിന്റെ അങ്ങേ കോണിൽ നിന്നും അടക്കിപ്പിടിച്ച തേങ്ങലുകൾ അവൾ കേ

ട്ടത്. ആ കാഴ്ച കണ്ട് അവൾ നടുങ്ങിപ്പോയി. ഒരു സ്ത്രീ പകുതി തകർന്ന കെട്ടിടത്തിനു ചുവട്ടിലായി എന്തോ കൈയ്യിലടക്കിപ്പിടിച്ചിരുന്ന് ഏങ്ങലടിച്ചു കരയുകയാണ്. അവളുടെ കൈയ്യിൽ എന്താണെന്ന് ഒന്നു കൂടി സൂക്ഷിച്ചു നോക്കിയ എമിലി നടുങ്ങിപ്പോയി. ആഹാരവും, വെള്ളവും കിട്ടാതെ എല്ലും തോലുമായ ഒരു പിഞ്ചുകുഞ്ഞ്. എലീനയുടെ പ്രായം വരും ആ കുഞ്ഞിന്. മരിച്ചു കൊണ്ടിരിക്കുന്ന ആ കുഞ്ഞിന്റെ ജീവൻ നിലനിർത്താൻ തനിക്ക് കഴിയില്ലെന്ന ബോധ്യം ആ സ്ത്രീയെ വല്ലാതെ പിടിച്ചുലച്ചിരിക്കുന്നുവെന്ന് എമിലിക്ക് മനസ്സിലായി. തന്റെ തേങ്ങലുകൾ ഉച്ചത്തിലായപ്പോൾ അത് കേട്ട് വീണ്ടും കഴുകൻ കണ്ണുകൾ തങ്ങളെ തേടി വരുമോ എന്ന് ഭയന്ന് ആ അമ്മ കരച്ചിലടക്കാൻ പാടുപെട്ടു.

ആ കാഴ്ച കണ്ടു നിൽക്കാൻ കഴിയാതെ എമിലി മുഖം തിരിച്ചു. അങ്ങനെ ഒരു അവസ്ഥയെക്കുറിച്ചു ചിന്തിക്കാൻ പോലും അവൾക്ക് കഴിയുമായിരുന്നില്ല. എന്നാൽ അവർക്ക് സഹായഹസ്തം നീട്ടുവാനുള്ള ധൈര്യവും അവൾക്കുണ്ടായിരുന്നില്ല. ഈ ലോകത്ത് ആരെയും വിശ്വസിച്ചുകൂടെന്നു പീഡകളനുഭവിച്ച അവളുടെ മനസ്സ് അവളോട് ആക്രോശിച്ചുകൊണ്ടിരുന്നു.

ഒരമ്മയുടെ അതി കഠിനമായ ദുഃഖം കണ്ടിട്ടും അവരെ സഹായിക്കാതെ ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന തന്നെ സ്വയം ശപിച്ചു കൊണ്ട് തിരിഞ്ഞു നടക്കാൻ ഭാവിക്കുമ്പോഴാണ് അവൾ മറ്റൊരു കാഴ്ച കണ്ടത്. വിജനമായ തെരുവിലൂടെ ഒരു മനുഷ്യൻ കൈയ്യിൽ ഒരു പൊതിയുമായി നടന്നുനീങ്ങുന്നു. അയാൾ ആ അമ്മയെയും, കുഞ്ഞിനെയും ലക്ഷ്യമാക്കിയാണ് നടക്കുന്നതെന്ന് കണ്ടപ്പോൾ അവൾ പെട്ടെന്ന് നിന്നു. ബാൽക്കണിയുടെ മൂലയിലിരിക്കുന്ന ഉണങ്ങിയ ചെടിയുടെ പിറകിൽ ശ്വാസം അടക്കിപ്പിടിച്ച് അവൾ മറഞ്ഞുനിന്നു.

ദുഃഖം ഘനീഭവിച്ച് ഒരു ശിലപോലെയിരുന്ന ആ അമ്മ പക്ഷെ ഇങ്ങനെയൊരു മനുഷ്യൻ തങ്ങളുടെ നേരെ വരുന്നതറിയുന്നുണ്ടായിരുന്നില്ല. അയാളുടെ കാൽപ്പെരുമാറ്റം വളരെ അടുത്ത് എത്തിയപ്പോൾ മാത്രമാണ് അവൾ തല ഉയർത്തി നോക്കിയത്. ആ മനുഷ്യനെ കണ്ടതും വല്ലാത്തൊരു ഭയം ആ സാധു സ്ത്രീയെ ഗ്രസിച്ചു. അയാളുടെ കണ്ണിൽ നിന്നും മറയാൻ ഇനി തങ്ങൾക്ക് സാധിക്കില്ലെന്ന് മനസ്സിലാക്കിയ ആ അമ്മ തന്റെ കുഞ്ഞിനെ മാറോടടുക്കി പിടിച്ച് നിസ്സഹായാവസ്ഥ നിഴലിക്കുന്ന കണ്ണുകളോടെ

‘ ഞങ്ങളെ ഒന്നും ചെയ്യരുതേ‘ എന്ന് കേണപേക്ഷിക്കുന്ന പോലെ അയാളെ നോക്കി. അയാൾ പതിഞ്ഞ കാൽവെയ്പ്പുകളോടെ അവരുടെ മുന്നിൽ വന്നു നിന്നു. വളരെ ശാന്തമായ പുഞ്ചിരിയോടെ ഒരു പൊതി ആ അമ്മയ്ക്കു നേരെ നീട്ടി. എന്നാൽ അവർ ആ പൊതി വാങ്ങാതെ അയാളെ ഭയപ്പാടോടെ നോക്കിയിരിക്കുകമാത്രം ചെയ്തു. അയാൾ മെല്ലെ കുനിഞ്ഞ് ആ പൊതി അവരുടെ അടുത്തു വെച്ചു. അമ്മയുടെ മാറോട് പറ്റിച്ചേർന്ന് കിടന്നിരുന്ന ആ കുഞ്ഞിന്റെ ശിരസ്സിൽ അനുഗ്രഹിക്കും പോലെ തലോടി. അപ്പോൾ അയാളുടെ മുഖത്ത് ക്രൂശാരോഹിതനായ യേശുവിന്റെ മുഖത്തെ അതേ ആർദ്രതയല്ലേ താൻ കണ്ടത് എന്ന് എമിലി അത്ഭുതപ്പെട്ടു. ആ അമ്മയെ നോക്കി ഒരിക്കൽ കൂടി പുഞ്ചിരിച്ച് അയാൾ അടുത്ത തെരുവിലേക്കുള്ള വഴിയിലേക്ക് തിരിഞ്ഞു. അയാൾ ദൂരെ മറയും വരെ അവർ അയാളെ തന്നെ നോക്കിയിരുന്നു. പിന്നെ സാവധാനം അയാൾ അവർക്കരികിൽ വെച്ച പൊതി അഴിച്ചു നോക്കി.

ദു:ഖാർത്തയായ ആ സ്ത്രീയുടെ മുഖത്ത് പെട്ടെന്ന് അതിയായ അവിശ്വാസം പടരുന്നതും പിന്നീട് അത് അത്യാഹ്ലാദമായി പരിണമിക്കുന്നതും എമിലി വ്യക്തമായി കണ്ടു. അവൾ വേഗം ചെടിയുടെ മറയിൽ നിന്നും പുറത്തുവന്ന് നോക്കി. ആ പൊതിയിലെ അന്നം നോക്കി ആ അമ്മ കണ്ണീർ പൊഴിക്കുന്നത് അവൾ കണ്ടു. അവൾ തന്റെ കുഞ്ഞിനെ മാറോട് ചേർത്തണച്ചു. നിറഞ്ഞു തുളുമ്പുന്ന മിഴികൾ ദൈവത്തോട് നന്ദി പറയും പോലെ ആകാശത്തേക്കുയർത്തി.

തന്റെ ഹൃദയത്തിൽ സൃഷ്ടിക്കപ്പെടുന്ന വികാരങ്ങൾ എന്തെന്നു വ്യാഖ്യാനിക്കാൻ എമിലിക്ക് കഴിയുന്നുണ്ടായിരുന്നില്ല. എന്നാൽ ഒന്നു മാത്രം അവൾ അറിഞ്ഞു; കുറച്ചു മുൻപ് ആ സാധുക്കളെ സഹായിക്കരുതെന്ന് തന്നോട് ആക്രോശിച്ച അതേ ഹൃദയം ഇപ്പോൾ സൗമ്യമായി മന്ത്രിക്കുന്നു: ‘ഇല്ല, ഇനിയും നന്മ വറ്റിയിട്ടില്ല.‘ തന്റെ ഹൃദയത്തിൽ അടിഞ്ഞു കൂടിയ വേദനകളും, യാതനകളും കത്തിയമർന്ന ചാരത്തിൽ നിന്നു പ്രതീക്ഷയുടെ പുൽനാമ്പുകൾ മുളച്ചുവരുന്നുവെന്ന് അവൾ അറിഞ്ഞു.

പ്രത്യാശ സ്ഫുരിക്കുന്ന മിഴികളുയർത്തി അവൾ ആകാശത്തേക്ക് നോക്കി., ആകാശവീഥിയിലൂടെ രണ്ടിണക്കുരുവികൾ സ്വാതന്ത്ര്യത്തിന്റെ ചക്രവാളം ലക്ഷ്യമാക്കി പറക്കുന്നത് അവൾ കണ്ടു.

●

# രഹസ്യക്കാരൻ

## പ്രതികരണം

മഷിപ്പച്ചയിലെ എസ്.കെ. ജയദേവന്റെ *രഹസ്യക്കാരൻ* എന്ന കവിതയാണ് ഈ കുറിപ്പിനാധാരം. നിസ്സാരനാണ് മനുഷ്യൻ..എല്ലാമറിയുന്നവനെന്ന നാട്യം മാത്രമാണ് അവനെ ഭരിക്കുന്നത്. പ്രകൃതി എത്ര സൂക്ഷ്മതയോടെയാണ് രഹസ്യമായി /രഹസ്യമാക്കി തന്റെ പ്രവൃത്തികൾ തുടരുന്നത്. മനുഷ്യനേക്കാൾ രഹസ്യം സൂക്ഷിക്കുന്ന രഹസ്യക്കാരൻ! ഭൂമിയെ പുരുഷത്വം ആരോപിക്കുന്ന കവിതകൾ ശ്രദ്ധയിൽ അധികം ഉണ്ടായിട്ടില്ല. രഹസ്യം സൂക്ഷിക്കാൻ അത്ര കെല്പുള്ളവരല്ല പുരുഷന്മാരെങ്കിലും ഭൂമിക്ക് പുരുഷത്വം ആരോപിച്ചതോടെ അതും മറികടന്നിരിക്കുന്നു...... നന്നായിരിക്കുന്നു... നല്ല കവിത സമ്മാനിച്ച മാസികയ്ക്കും പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

**അജേഷ് കടന്നപ്പള്ളി**



# ദിക്കറിയാത്തവൾ

## (അവസാന ബസിലെ യാത്രക്കാരി)



ഹാജറ. കെ. എം



ഇറങ്ങുന്നില്ലേ...?

ആരോ കൈത്തണ്ടയിൽ തട്ടിയമർത്തി വിളിച്ചപ്പോഴാണ് നീലിമ ഞെട്ടലോടെ കണ്ണു തുറന്നത്... യാത്രക്കാരെല്ലാം ഇറങ്ങിക്കഴിഞ്ഞിരുന്നു...

രാത്രിയാത്രയായതിനാൽ മറ്റുള്ളവരിൽ നിന്നുള്ള അനാവശ്യ ചോദ്യങ്ങളും അന്വേഷണങ്ങളും കുറവായിരുന്നു...

ഇങ്ങനെയൊരു ഒളിച്ചോട്ടം ആഗ്രഹിച്ചതുകൊണ്ടു തന്നെ കാരണമൊന്നുമില്ലാതെ അവസാനത്തെ ബസുവരുന്നതുവരെ അവൾ കാത്തിരിക്കുകയായിരുന്നു...

'എവിടെ പോണം' പകച്ചിരിക്കുന്നതു കണ്ടിട്ടാവാം

സൈഡ് ഗ്ലാസെല്ലാം വലിച്ചടക്കുന്നതിനിടയിൽ കണ്ടക്ടർ ചോദിച്ചു...

എന്തേ പോകാനിടമില്ലേ...? ഡ്രൈവിങ് സീറ്റിൽ നിന്ന് എഴുന്നേറ്റ് കൈകൾ മുകളിലേക്കും താഴേയ്ക്കും ചലിപ്പിച്ച് അതു വരെ ഭാരിച്ച ജോലി ചെയ്ത ക്ഷീണത്തിൽ നിന്നും മുക്തി നേടാനെന്നോണം പോക്കറ്റിൽ നിന്ന് ഒരു സിഗററ്റെടുത്ത് ചുണ്ടിൽ വച്ച് ലൈറ്റർ തെളിച്ച് തീ കൊളുത്തിയ ശേഷം പുക ആർത്തിയോടെ ഉള്ളിലേക്കും പുറത്തേക്കും വിട്ടു കൊണ്ട് ഡ്രൈവർ അടുത്തേക്കു വന്നു ചോദിച്ചു...

അടച്ചിട്ട ബസിനുള്ളിൽ പുകയുടെയും ആളുകൾ ഉപേക്ഷിച്ചു പോയ വിയർപ്പിൽ കുതിർ

ന്ന പെർഫ്യൂമിന്റെയും മ ണം നിറഞ്ഞു.....,

ഞങ്ങൾക്ക് പോണം. പെങ്ങളെ ഒന്നു വേഗം ഇ റങ്ങ്...

ബസിന്റെ റാക്കിൽ സൂ ക്ഷിച്ച തുകൽ സഞ്ചി വ ലിച്ചെടുത്ത്

അതിൽ നിന്നും മടക്കി വച്ച ഒരു ഷർട്ടെടുത്ത് അ തുവരെ ധരിച്ച കാക്കിയു ടെ ബട്ടൺ അഴിച്ചു കൊ ണ്ട് കണ്ടക്ടർ ധൃതികൂട്ടി ...


കത്തുന്ന തീയിൽ എ ണ്ണ ഇറ്റിയതു പോലെ പെ ട്ടെന്ന് ഉള്ളിലൊരാളലു ണ്ടായി: ...

അതെ.. സ്ഥലമെത്തി യിരിക്കുന്നു... ലക്ഷ്യത്തി ന്റെ ആദ്യപടി കടന്നിരിക്കു ന്നു...

ഇനി... അവൾ മാറോ ടടുക്കിപ്പിടിച്ച ബാഗ് ഒന്ന മർത്തി ഉള്ളിൽ ഭദ്രമായി സൂക്ഷിക്കുന്ന എന്തോ ഒ ന്നിനെ ഒന്നു കൂടി പിടിച്ചു നോക്കി ഉറപ്പു വരുത്തി. ഴ

'വരുന്നോ '

കത്തുന്ന ചുണ്ടിലെ അവസാനത്തെ പുകയും വലിച്ചെടുത്തു കൊണ്ട് ഡ്രൈവർ പരുപരുത്ത ഒ ച്ചയിൽ ചോദിച്ചു...



മറുപടിയൊന്നും പറയാതെ മടിയിലുണ്ടായി രുന്ന ബാഗ് ഒന്നുകൂടി നെഞ്ചോടമർത്തിപ്പിടി ച്ചു കൊണ്ടവൾ പതുക്കെ പുറത്തേക്കിറങ്ങി...

ഇരുട്ടിൽ വഴികളെല്ലാം അവ്യക്തമാണെങ്കി ലും ഓരോ വളവും തിരിവും മനസ്സിലുണ്ട്:

പൊടുന്നനെ കറുത്ത ചില വഴികൾ മുന്നി ലൂടെ തെളിഞ്ഞു.,..വഴിവക്കിലെ സ്ട്രീറ്റ് ലൈ റ്റിന്റെ തെളിച്ചത്തിൽ മുന്നിലെ വഴികൾക്ക് ജീ വൻ വച്ച് തുടങ്ങിയിരിക്കുന്നു...

ആദ്യമായി ഇതിലെ യാത്ര ചെയ്തത് പേടി യോടെയായിരുന്നു... അന്നു പക്ഷേ പേടിക്കേ ണ്ടെന്ന് നൂറു തവണ ആശ്വസിപ്പിക്കാൻ തോ ളിലൊരു കൈയമർന്നിരുന്നു...

മുന്നിലെ നിശ്ചയ വഴികളിൽക്കൂടി ചേർത്തു നിർത്തി നടത്താൻ കൂടെയൊരു നിഴലുണ്ടായി രുന്നു...

പകൽ വെളിച്ചം പോലും ഭയന്നിരുന്ന

അന്നത്തെ ആ പാവാടക്കാരിക്ക് ഇന്നീ ഇ രുട്ടു വഴിയും ധൈര്യമാക്കി മാറ്റിയ ആ ജീവിത യാത്ര അത്രയ്ക്കും ദുസ്സഹമായിരുന്നല്ലോ...

ദാരിദ്ര്യത്തിന്റെ ചവർപ്പു മണം കൊണ്ട് വീർപ്പുമുട്ടിയ വാടക വീട്ടിൽ, നെഞ്ചിൻ കൂട് പൊട്ടിപ്പിളരുന്ന ചുമയുടെയും ഹൃദ്രോഗത്തിന്റെയും അകമ്പടിയോടെ

കുടുംബഭാരം തലയിലേറ്റി തളർന്നു വീഴുന്ന അച്ഛൻ...

അമ്മയുടെ വിയോഗത്തോടെ ഒറ്റച്ചിറകിന്റെ നിസ്സഹായതയിൽ കണ്ണുകളിൽക്കൂടി പുഴയൊഴുകിയിട്ടും ആരെയും അറിയിക്കാതെ സ്നേഹത്തിന്റെ നീരൊഴുക്കിൽ മക്കളെ കെട്ടി വരിഞ്ഞ അച്ഛന് ഒരു തുണ...

വളർന്നു വരുന്ന രണ്ടനിയത്തിമാരുടെ ഭാവിയെക്കുറിച്ചുള്ള ആധി ,,രാവിരുട്ടിൽ ഉറക്കം കവർന്നെടുത്തപ്പോൾ തീരുമാനിച്ചതായിരുന്നു കുടുംബം കരകയറ്റാൻ ഒരു ജോലി...

ഹൈറേഞ്ചില് മലഞ്ചരക്കു കമ്പനിയിൽ തൊഴിലവസരങ്ങൾ നിരത്തി വന്ന പത്രച്ചീന്ത് കൈയ്യിൽ തെരുപ്പിടിപ്പിച്ച് വീടു നിറഞ്ഞ സ്നേഹക്കണ്ണീരിൽ നിന്ന് സ്വയം ഇറങ്ങിപ്പോവുകയായിരുന്നു...

കഠിനമായ ജോലി, തുച്ഛമായ ശമ്പളം...

തൃപ്തിപ്പെടാൻ ഒന്നുമില്ലെങ്കിലും വീട്ടിലെ ആശ്വാസനിശ്വാസങ്ങൾക്ക് തണുത്ത കാറ്റിന്റെ അനുഭൂതിയായിരുന്നു...

കല്ലു മനസ്സിൽ വെയിൽച്ചിന്തുകൾ ചിത്രം വരച്ച മരവിപ്പുകൾ രാത്രിക്കു വിട്ടു കൊടുത്തു കൊണ്ട് സ്വപ്നങ്ങളും മോഹങ്ങളും കുടുംബത്തിനു വേണ്ടി അടിയറ വച്ച ഒരു പെണ്ണിന്റെ മനസ്സ് എത്ര പെട്ടെന്നാണ് ചഞ്ചലപ്പെടുത്താൻ അവനു കഴിഞ്ഞത്...

അമർ... അതായിരുന്നു അവന്റെ പേര്...

ഇടത്താവളങ്ങളിലും വിശ്രമവേളകളിലും മനസ്സു പിടിച്ചെടുക്കാൻ അവനെന്തൊരു മിടുക്കായിരുന്നു...

നിന്റെ അനിയത്തിമാർ എന്റെയുമല്ലേ എന്ന അവന്റെ മർമര സ്പന്ദനങ്ങൾക്ക് മറുപടിയായി മുഖം മുഖത്തോടുര സുന്നതിലും ശരീരം ശരീരത്തോടു ചേരുന്നതിലും അപാകതകളൊന്നും തോന്നാതിരുന്നതെന്ത്?

ഈ വിശ്വം മുഴുവൻ അവൻ മാത്രം നിറഞ്ഞു നിന്ന ദിനരാത്രങ്ങൾക്ക് എന്തൊരു ഭംഗിയായിരുന്നു... അരുതുകൾ കാറ്റിൽ പറത്തി അവൻ നയിച്ച വഴികളിലൂടെ അവന്റെ ഓരം ചേർന്ന് യാത്ര ചെയ്യുമ്പോൾ എന്തൊരനുഭൂതിയായിരുന്നു...

വീട്ടിൽ സഹായമെത്തിക്കുന്നതും വിശേഷങ്ങൾ അറിഞ്ഞു പോരുന്നതിനുമുള്ള യാത്ര അവൻ ഏറ്റെടുത്തപ്പോൾ അവനെ ആകാശത്തോളം ഉയർത്തുകയായിരുന്നില്ലേ...

പിന്നീടെപ്പോഴാണ് അകൽച്ചയുടെ ,മടുപ്പിന്റെ കറുത്ത തിരശ്ശീലയ്ക്കു പിന്നിൽ അവൻ മുഖമൊളിപ്പിക്കാൻ തുടങ്ങിയത്...

കരളും കണ്ണും വറ്റിയിട്ടും കുടുംബത്തിൽ ഒന്നു മറിയിക്കാതെ ഹൃദയമിടുപ്പുകൾ മാത്രം ബാക്കി വച്ച് ഇന്നുകളോട് കഥ പറയുകയായിരുന്നെങ്കിലും വീട്ടിലെ ചലനങ്ങൾ നിലച്ചതോടെ വിവരങ്ങൾക്കായ് പുറപ്പെടുകയായിരുന്നു..

ഹൃദയം കരിങ്കല്ലു പോലെ ഉറപ്പിച്ചു പോയ വിശേഷങ്ങളായിരുന്നു വീട്ടിൽ...

നന്മ മരമായി അവതരിച്ച അവൻ അനിയത്തിയുടെ ഉദരത്തിൽ ഒരു തുടിപ്പ് സമ്മാനിച്ച് കടന്നു കളഞ്ഞത്രേ...

സ്നേഹിച്ചു പോയി ഏച്ചി... പൊട്ടിപ്പിളരുകൾക്കിടയിൽ അടർന്നു തെറിച്ചു അനിയത്തിയുടെ വാക്കിന്റെ ചീളുകൾ....

തന്റെ തകർച്ച ആരെ അറിയിക്കാൻ

അനിയത്തി ഒരു കുഞ്ഞിന് ജന്മം നൽകിയിട്ടും അവൻ വന്നില്ല... ഋതുക്കൾ മാറി മാറി വന്നു... പെരുമഴയും തുലാവർഷവും മീനച്ചൂടും മാറി മാറി വന്നെങ്കിലും മാനം നഷ്ടപ്പെട്ട ഒരു കുടംബത്തിന്റെ കറുത്ത ചോരപ്പാട് ഉണങ്ങിത്തന്നെ കിടന്നു..

പിന്നീട് മുമ്പ് കൂടെ ജോലി ചെയ്ത ആതിരയിൽ നിന്നാണ് അവൻ ഇവിടെ വീണ്ടും ജോലിക്കായി വന്നതറിഞ്ഞത്.. അന്നു ചില തീരുമാനങ്ങൾ എടുത്തതാണ്..

വഴി, വഴിമുട്ടുന്നിടത്തു നിന്ന് അവൾ പിന്നെയും നടന്നു... ഇവിടെ എവിടെയോ ആവും തങ്ങളുടെ കുടുംബത്തിന്റെ സ്വപ്നം ഇടിച്ചു വീഴ്ത്തിയ ആ കറുത്ത നിഴലുറങ്ങുന്ന വീട്...

ചുറ്റും ഉറങ്ങിക്കിടക്കുന്ന മരങ്ങളും വീടുകളും വകഞ്ഞു മാറ്റി അവൾ മുന്നോട്ടു നടന്നു... ഇടയ്ക്കിടെ ബാഗിലെ ഇരുമ്പു കമ്പിയിൽ കൈയമർത്തിക്കൊണ്ടിരുന്നു...

വഴികൾ ചെന്നവസാനിക്കുന്നിടത്ത്

ഉറങ്ങിക്കിടക്കുന്ന വീടുകൾക്കിടയിലൂടെ പരിചിതമായ ഒറ്റമുറിക്കുള്ളിലേക്ക് കാലെടുത്തുവയ്ക്കുമ്പോഴേയ്ക്കും

ഇരുട്ടിലെ ഒരു നിഴലനക്കത്തിൽ അവളൊന്നുലഞ്ഞു...

കറുപ്പിന്റെ ചോരമണം കാറ്റിലലിയിച്ച്

നിവർത്തിപ്പിടിച്ച കത്തിയുമായ് ദൂരെ നടന്നകലുന്ന രൂപത്തെ അവൾ ഒരിക്കൽക്കൂടി നോക്കി... അനിയത്തി... അവളുടെ ചുണ്ടുകൾ വിറപൂണ്ടു:......:

●

# കാലം കഥ പറയുമ്പോൾ



അശോകൻ സി.ജി

കയറ്റം കഴിഞ്ഞപ്പോഴേക്കും കേശവൻ നായർക്ക് ഇനി ഒരു അടികൂടി നടക്കാൻ കഴിയാത്തത്ര കിതപ്പുണ്ടായിരുന്നു.

അയാൾ ദൂരെ പരന്നുകിടക്കുന്ന വിജനതയിലേക്ക് നോക്കി. കടുത്ത വെയിൽ കത്തിയുരുകി വീഴുകയാണ്.വെയിൽ നാളങ്ങൾ നക്കിത്തുവർത്തിയ പുൽക്കൊടിത്തുമ്പുകൾ പൃഥ്വിയുടെ മാർത്തടങ്ങളിൽ കരിഞ്ഞുണങ്ങി കിടന്നു.

നോക്കെത്താദൂരത്തോളം തണലിന്റെ നേരിയൊരു ലാഞ്ചന പോലും കാണാൻ കഴിഞ്ഞില്ല.

കൊട്ടേക്കാട്ട് കാവിലേക്ക് ഇനിയും ഏറെ ദൂരമുണ്ട്.വീണ്ടും പത്തടി കൂടി വലിഞ്ഞു നടന്നപ്പോൾ ദൂരെ ഇല പൊഴിഞ്ഞ് അവശനായ ഒരു നാട്ടുമാവ് കണ്ടു..



തണൽ വിരിക്കാൻ ഇലകൾ അവശേഷിക്കാത്ത വൃദ്ധനായ ആ നാട്ടുമാവും മറ്റൊരു കാലവർഷത്തിനായി കാത്തു നിൽക്കുകയാണ്.

തുരുമ്പെടുത്ത നാരായവേരുകൾക്ക് ഇനിയും അധികകാലം പിടിച്ചുനിൽക്കാനാവില്ല.

അയാൾ ശിഖരങ്ങൾ വിരിപ്പൊരുക്കിയ തണലിൽ മലർന്ന് കിടന്നു.വർഷമൊഴിഞ്ഞ പകലുകൾ .ആകാശത്ത് ഇനിയും ഗർഭം ധരിച്ചിട്ടില്ലാത്ത വരണ്ട മേഘങ്ങൾ.വരാനിരിക്കുന്ന വസന്തത്തിനു വേണ്ടി താലമേന്തി നിൽക്കുന്ന പൃഥ്വിയുടെ മാർത്തടങ്ങളിൽ കിക്കിളിയൂട്ടാൻ വന്നെത്താറുള്ള കിഴക്കൻ തെന്നലുകൾ എവിടെ പോയി..?

അന്നൊരു തിങ്കളാഴ്ചയായിരുന്നു.

മാസത്തിലെ ആദ്യത്തെ പ്രവർത്തി ദിനം.കേശവൻ നായരെന്നപഞ്ചായത്ത് ഓഫീസിലെ പ്യൂണിന്റെ ശമ്പള ദിനം കൂടിയായിരുന്നു അന്ന്.

പതിവുപോലെ വീട്ടിൽ നിന്നിറങ്ങുമ്പോൾ പ്രത്യേകിച്ച് വിശേഷങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ഭാര്യ പത്മാവതിയമ്മ ശമ്പളം കിട്ടുന്ന ദിവസം വാങ്ങേണ്ടുന്ന ലിസ്റ്റും പതിവുള്ള പരിവേദനങ്ങളും നൽകിയാണ് യാത്രയയച്ചത്.

കൂട്ടത്തിൽ പതിവില്ലാതെ ഇങ്ങനെ ഓർമിപ്പിക്കുകയും ചെയ്തു.

'ദേ സൗദുവും മക്കളും നാളെ വരണ്ണ്ട്.അവൾ പറഞ്ഞ കാര്യം ഓർമ്മേലു ണ്ട

ല്ലോ..എനിക്കുള്ള മൂസ്സിന്റെ മരുന്ന് കഴിഞ്ഞിട്ട് ഒരാഴ്ചയായി.ലതയും മിനിയും ഓരോ സാരി വേണെന്ന് പറഞ്ഞിട്ട് മാസം രണ്ടായി.. ധനുഷിന് മറ്റന്നാൾ തിരുവനന്തപുരത്ത് ഇന്റർവ്യൂവിന് പോണം ..പാന്റില്ലത്രെ.

ഇതൊക്കെ മനസ്സില് വേണം.അല്ലെങ്കിൽ കഴിഞ്ഞ തവണത്തെപോലെ 'നാലു' കാലിമ്മലങ്ങ്ഡ് വന്നോളൂ..

അപ്പന്റെ സ്വഭാവം അറിയാം നായർക്ക്..'

അയാൾ മറുപടിയൊന്നും പറഞ്ഞില്ല. തല കീഴ്ഴോട്ടിട്ട് പോന്നു. അയാൾ ഒന്നും മറക്കാറില്ല, എന്ന് മാത്രമല്ല എല്ലാം മറക്കാൻ വേണ്ടിയാണ് അയാൾ മദ്യപിക്കാറുള്ളത്.

സർവീസിൽ കയറുന്ന കാലത്ത് അയാൾ തികഞ്ഞ മദ്യവിരോധിയായിരുന്നു. പെൻഷൻ പറ്റാൻ ഇനി ഏതാനും മാസങ്ങൾ ബാക്കിയുള്ള ഈ അവസാനം ഘട്ടത്തിലാണ് അയാൾ മദ്യപാനം തുടങ്ങിവച്ചത്..

എങ്ങനെ കൂട്ടിയാലും പത്മാവതിയമ്മ കൊടുക്കുന്ന ലിസ്റ്റും അയാളുടെ ശമ്പളവും തമ്മിൽ പൊരുത്തപ്പെടാറില്ല. അയാൾ നേരെ നടക്കും മദ്യഷാപ്പിലേക്ക്. പൊരുത്തക്കേടുകൾ വർദ്ധിപ്പിക്കാൻ വേണ്ടി.. അങ്ങനെയാണ് കഴിഞ്ഞമാസം അല്പം കൂടുതൽ പറ്റിപ്പോയത് അതാണ് ഇപ്പോൾ ഭാര്യ സൂചിപ്പിച്ചതും.

അന്നയാൾ ഓഫീസിൽ എത്തിയപ്പോൾ സമയം വൈകിയിരുന്നു.

'എന്താഡൊ പത്തരയ്ക്കാണോ ഓഫീസിൽ പ്യൂൺമാരുടെ വരവ്. ?

അയാളെ ചൊടിപ്പിക്കാനായി ക്ലാർക്ക് രാഘവൻ ചോദിച്ചു.

'താനെന്താ മിണുങ്ങസ്യാ പോലിരിക്കണെത്?

അമ്പ്രാൾഡെ കയ്യിന്ന് വല്ലതും തടഞ്ഞോഡൊ നായരെ..?'

അയാൾ ഒരെതിരും പറഞ്ഞില്ല. പൊതുവേ ഓഫീസിലും നാട്ടിലും അങ്ങനെ ഒരു സംസാരമുണ്ട്. കേശവൻ നായരെ പത്മാവതി

അമ്മ ഭരിക്കുകയാണ്.. പത്മാവതിയമ്മ വരച്ച വരയിൽ കേശവൻ നായർ നിൽക്കുമെന്ന്. ഇത് ആരെങ്കിലും സൂചിപ്പിച്ചാൽ

കേശവൻ നായർ ഒട്ടും സമ്മതിക്കുകയും ഇല്ല.

എപ്പോഴും കേശവൻ നായരെ പിന്താങ്ങുന്ന ഗൗരിയമ്മ പറഞ്ഞു..

' എന്താ രാഘവാ ഇത്.. വേറെ വല്ല കാര്യവും പറഞ്ഞു കൂടെ..ആ പത്മാവതി യമ്മ നിങ്ങൾ പറഞ്ഞ തരത്തിലൊന്നുമല്ല.'

'അല്ലെങ്കിലും നിങ്ങൾ എപ്പോഴും നായരുടെ പക്ഷമല്ലേ പറയൂ..

രണ്ടും ഒരു അസ്മാദിയല്ലേ.?'

ചർച്ച തുടരവെ ശമ്പളം വാങ്ങാൻ നിൽക്കാതെ കേശവൻ നായർ ലീവ് ലെറ്റർ എഴുതി സെക്രട്ടറിക്ക് കൊടുത്തു.

'എന്താ നായരെ ഈ ഒന്നാം തീയതി തന്നെ ലീവ് .... ശമ്പളം വാങ്ങിക്കുന്നില്ലേ..? '

സെക്രട്ടറി ചോദിച്ചു.

അടിയന്തിരമായി ഒരാളെ കാണാനുണ്ടെന്നും പറഞ്ഞിട്ടാണ്.

അവിടെ നിന്ന് പോന്നത് .

കൊട്ടേക്കാട്ട്കാവി ലേക്കുള്ള ബസ്സിൽ കയറി ഇരുന്നത് എന്തിനാണെന്ന് ഇപ്പോഴും അയാൾക്ക് ഓർമ്മയില്ല.അവസാന സ്റ്റോപ്പിൽ എത്തിയപ്പോൾ കണ്ടക്ടർ പുറത്ത് തട്ടി കേശവൻ നായരെ ഉണർത്തുകയായിരുന്നു.

'ഏയ് കാരണോരെ ഇവിടെവരെയെ വണ്ടി പോകുന്നുള്ളൂ.. നേരെ കാണുന്ന വഴിക്ക് നടന്നോളൂ. ചെന്ന് എത്തണത് തന്നെയാ കൊട്ടേക്കാട്ട് കാവ്.'

കേശവൻ ഓർമ്മയിൽ നിന്നും ഉണർന്നു.. മുകളിൽ മേഘങ്ങൾ തൂവെള്ള പതാക ചൂടിയിരിക്കുന്നു..

സൗദു നാളെ വരും..

20000 രൂപ കൊടുത്തില്ലെങ്കിൽ അവൾ പോവില്ല. അവളുടെ വീട് പണിക്ക് അച്ഛനോട് സഹായം ആവശ്യപ്പെട്ടതിൽ തെറ്റില്ല. അവളെ വിവാഹം കഴിച്ച് അയച്ചപ്പോൾ അധികമൊന്നും കൊടുത്തിട്ടില്ല..

പൈസയും ആയിട്ട് ഇനി ഇങ്ങോട്ട് വന്നാൽ മതിയെന്നാണത്രേ. അവളുടെ നായര് പറഞ്ഞിരിക്കുന്നത്..!

അവളുടെ താഴെ രണ്ട് പേർ 10 ക്ലാസ് പാസായി നിൽക്കുന്നുണ്ട്.അയാൾ അവരുടെ മുഖത്തു നോക്കാറില്ല. പെൺകുട്ടികളുടെ വളർച്ച എത്ര പെട്ടെന്നാണ്..

19 കഴിഞ്ഞ ലതയും 21ലെത്തിയ മിനിയും അയാളുടെ ഉറക്കം കെടുത്തുന്നു..

ഒഅ വരെ പഠിച്ചതാണ് ധനുഷ്. ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ക്ലാസ്സ് ഉണ്ട്. പറഞ്ഞിട്ടെന്താ ഫലം ..?ഈ രാജ്യത്ത് അവൻ മാത്രമല്ലല്ലോ ഒരു പിജി ഡിഗ്രിക്കാരൻ ..

തനിക്ക് ഇനി രണ്ടുമാസം കൂടിയേ സർവീസ് ഉള്ളൂ. പ്യൂണിലേക്ക് പ്രമോഷൻ കിട്ടിയിട്ട് രണ്ടു വർഷമേ ആയിട്ടുള്ളൂ..

വൈകിയാണ് പാർട്ട് ടൈം സ്വീപ്പറായി സർവീസിൽ കയറിയത്.. പിന്നെ ഫുൾടൈം ആയി.. അവസാനം വിരമിക്കുന്ന സമയമായപ്പോഴാണ് പ്യൂൺ ആയി ജോലിക്കയ റ്റം ലഭിച്ചത്..

പ്രമോഷൻ കിട്ടിയില്ലെങ്കിൽ കുറച്ചു വർഷം കൂടി സ്വീപ്പർ തസ്തികയിൽ തന്നെ ഇരിക്കാമായിരുന്നു..

അതായിരുന്നു നല്ലത്..

വിരമിക്കുമ്പോൾ അത്രയധികം സംഖ്യയൊ ന്നും കിട്ടാനില്ല.. കണക്കുകൂട്ടിയപ്പോൾ ഒരു എത്തും പിടിയും ഇല്ല..

സമാന്തരമായി കുറച്ചു വെള്ളിലപ്പക്ഷികൾ ചിറകിട്ടടിച്ചു പറന്നുപോയി..

ദാഹാർത്തരായ പക്ഷികൾ..പ്രകൃതി തന്നെ ദാഹാർത്തയായി മാറിയിരിക്കുന്നു.

കേശവൻ നായർക്കും കലശലായ ദാഹം തോന്നി..അങ്ങകലെ കൊട്ടേക്കാവിലെ

താഴികക്കുടം വെയിലേറ്റ് തിളങ്ങുന്നു.

ചത്തും കെട്ടും നശിച്ചുപോയ കൊട്ടേക്കാട് മനക്കാരുടെ വകയായിരുന്നു അമ്പലം. മന നശിച്ചപ്പോൾ അമ്പലവും നശിച്ചു. പിന്നെ നാട്ടുകാർ അത് ഏറ്റെടുത്തു. നാട്ടിലേക്ക് വിദേശ പണം ഒഴുകിയെത്തിയപ്പോൾ നാട്ടുകാർക്ക് വീണ്ടും ദൈവത്തോട് പ്രിയം കയറി. അവിശ്വാസം പ്രസംഗിച്ചവർ വിശ്വാസികളുടെ നേതാക്കളായി. പാർട്ടി സെക്രട്ടറി തന്നെ അമ്പലം പുനരുദ്ധാരണക്കമ്മിറ്റി പ്രസിഡണ്ടായി. അമ്പലത്തിന് ആനയായി, താഴികക്കുടമായി വർഷംതോറും ഉത്സവമായി ..

അയാൾ അമ്പലക്കുളം ലക്ഷ്യമാക്കി നടന്നു. ഉച്ച നേരമായതുകൊണ്ട് കുളം വിജനമായിരുന്നു.കൽപ്പടവുകൾ പുതിയതായി കെട്ടിയതായിരുന്നു. വെള്ളം വറ്റിത്തുടങ്ങിയിരിക്കുന്നു.

കൽപ്പടവുകളിറങ്ങി കുളത്തിലെ വെള്ളത്തിൽ കയ്യും കാലും മുഖവും കഴുകിയപ്പോൾ ഒരു ആശ്വാസം തോന്നി. വെയിലിന്റെ കാഠിന്യം ഉരുകിയുരുകി ഇല്ലാതാവുന്നതുപോലെ. ആകെ ഒരാലസ്യം.

ആ ആലസ്യത്തിന്റെ ഊഷ്മളതയിൽ അയാൾ പടവുകളിലിരുന്നു.

വീണ്ടും മനസ്സിലേക്ക് തേട്ടിവരുന്നു.. സൗദുവിന്റെ വീടുപണി. ലതയ്ക്കും മിനിക്കും സാരി, പത്മത്തിന് സെറ്റുമുണ്ട്. ധനുഷിന് പാന്റ്...

അന്ന് അയാൾ കുറച്ചു വൈകിയാണ് വീട്ടിലേക്ക് കയറിച്ചെന്നത്.അയാളുടെ വരവ് ആരും അറിഞ്ഞില്ല അതുകൊണ്ടുതന്നെ അകത്ത് നടക്കുന്ന സംഭാഷണങ്ങൾ കുറച്ചു നേരം അവർ അറിയാതെ ശ്രവിക്കാൻ അയാൾക്ക് കഴിഞ്ഞു..

പി എസ് സി എഴുതി റാങ്കിലിസ്റ്റിലിടം പിടിച്ചിട്ടും ജോലി കിട്ടാത്തതിനെ കുറിച്ച് മകൻ ധനുഷിന്റെ രോഷവും തർക്കവുമാണ് നടക്കുന്നത് ..റാങ്കിൽ ആദ്യത്തെ നൂറിനുള്ളിൽ വന്നിട്ടും ഫോർവേഡ് കാസ്റ്റ് ആയതിനാൽ കിട്ടുന്നില്ല..എത്ര ടെസ്റ്റ് എഴുതി...

അവസാനം ധനുഷ് പറഞ്ഞവസാനിപ്പിച്ചു..

'എനിക്കിനി ജോലി കിട്ടണമെങ്കിൽ അച്ഛൻ മരിക്കണം. പെൻഷൻ പറ്റുന്നതിനു മുമ്പ്...

...............

അയാൾ പതുക്കെ ആരും കാണാതെ വീട്ടിൽ നിന്നിറങ്ങി പോന്നു.

..........

ശൂ...

കേശവൻ നായർ തിരിഞ്ഞുനോക്കി. അവൻ തന്നെ.. രാജകീയമായിട്ടാണ് പത്തിവിടർത്തി അവന്റെ നിൽപ്പ്. അവനെക്കുറിച്ച് പലപ്പോഴും കേട്ടിട്ടുണ്ട്..

കൊട്ടേക്കാട്ടിലമ്മയുടെ ഇഷ്ട സേവകനാണെന്നറിയാം. പുതുതായി കൽപ്പടവ് പണിതതുകൊണ്ട് ഇരിപ്പിടം നഷ്ടപ്പെട്ട് ഊരുചുറ്റുകയാവും...

...മോനേ ... ഇങ്ങടുത്തു വാ.. നിന്നെ കാത്തല്ലേ ഞാൻ ഇത്രയും നേരം ഇവിടെ ഇരുന്നത്...

അയാൾ അവനു മുന്നിൽ കൈ നീട്ടിക്കൊടുത്തു.അവൻ പത്തി പുറകോട്ടെടുത്തു.. വീണ്ടും നീട്ടിയ കൈപ്പത്തിയിൽ അവൻ ചുംബിച്ചു...

ഒന്നല്ല പലതവണ..!

'മോനേ എനിക്ക് തൃപ്തിയായെടാ..

ഇനി നീ പൊയ്ക്കോടാ.. ഇനിയെന്റെ ധനുഷിന് ജോലി കിട്ടും..!

കേശവൻ നായർ പുഞ്ചിരിച്ചു.. പിന്നെ കൽപ്പടവുകളിൽ തലചാരി കണ്ണടച്ചു..

ആ ചുണ്ടുകളിൽ സംതൃപ്തിയുടെ പുഞ്ചിരി തെളിഞ്ഞു.. ●

കഥ

# തിരിച്ചുവരവ്



കൃഷ്ണകുമാർ മാപ്രാണം

അവസാനമായി കണ്ട മുഖങ്ങൾ മനസ്സിൽ നിന്ന് മായാതെ, ഭദ്ര താൻ പിന്നിട്ട വഴികളിലൂടെ തിരികെ നടന്നു. കല്ലുവെട്ടാംകുഴിക്കു താഴെയുള്ള വിജനമായ കാട്ടിൽ നിന്ന് അവൾ ഉണർന്നത് രാത്രിയിലാണ്. കാടിന്റെ ഇരുൾ അവളുടെ ചുറ്റും ഭീകരമായ നിശബ്ദതയായി തളം കെട്ടിനിന്നു. ഒരു നേർത്ത നിലാവ് മാത്രം വിദൂരമായ ആകാശത്ത് അവശേഷിച്ചു, അത് മരങ്ങൾക്കിടയിലൂടെ നേരിയ പ്രകാശരേഖകൾ വരച്ചു. അവളുടെ ഉള്ളിൽ വല്ലാത്തൊരു ശൂന്യതയും ഭയവും നിറഞ്ഞു.

ഏതാനും ദിവസങ്ങൾക്കു മുമ്പാണ് തന്നെ ഈ കുഴിയിൽ അടക്കം ചെയ്തതെന്ന് അവൾ ഓർത്തു. തന്നെ അങ്ങോട്ട് കൊണ്ടുപോകരുതെന്ന് അവൾ പലവട്ടം കെഞ്ചിയിരുന്നു.


'എനിക്ക് പേടിയാണ്,'

അവൾ മനസ്സിൽ കരഞ്ഞു. പക്ഷേ അവളുടെ ശബ്ദം ആരും കേട്ടില്ല. അവളെ കുഴിയിൽ കിടത്തി, അതിനു മുകളിൽ വിറകുകൾ അടുക്കി വെച്ചപ്പോൾ അവളുടെ നെഞ്ചിൽ ലോകത്തിന്റെ ഭാരം മുഴുവൻ ഇറക്കിവെച്ചതുപോലെ തോന്നി. എല്ലാവരും ചിതയ്ക്കരികിൽ കരയുന്നു. പതിവില്ലാതെ എവിടെനിന്നെല്ലാമാണ് ആളുകൾ വന്നിരിക്കുന്നത്!

എല്ലാവരുടെയും മുഖത്ത് ദുഃഖം. തനിക്കും അതിയായ വിഷമമുണ്ട്.

'എന്തിനാണ് എന്നെ ഇവിടെ അടക്കം ചെയ്യുന്നത്?'
അവൾ ചോദിച്ചു. അതാരും കേട്ടില്ല.

അവൾക്ക് ഒന്നും മനസ്സിലായില്ല. ആളുകൾ



ചുറ്റും കൂടിനിന്ന് എന്തൊക്കെയോ മന്ത്രിക്കുന്നുണ്ട്, എന്തൊക്കെയോ ചെയ്യുന്നുമുണ്ട്. അച്ഛനും അമ്മയും, മുത്തശ്ശിയും, കൂടപ്പിറപ്പുകളും, സുഹൃത്തുക്കളും എല്ലാവരും എത്തിയിരിക്കുന്നു.

'അവർ എന്തിനാണ് കരയുന്നത്? നിർത്താൻ പറഞ്ഞിട്ടും എന്തുകൊണ്ടാണ് അവർ കേൾക്കാത്തത്?'

അവൾക്ക് ഭ്രാന്തുപിടിക്കുന്നതുപോലെ തോന്നി.

പെട്ടെന്ന്, ആ വിറകുകൾക്ക് തീ പിടിച്ചു. ഭദ്രയുടെ ശരീരത്തിലൂടെ ഒരു വലിയ ചൂട് അരിച്ചു കയറി.

'ആരാണ് എന്നെ പൊള്ളിക്കുന്നത്?'

വേദന സഹിക്കാനാവാതെ അവൾ നിലവിളിച്ചു. ആരും കേട്ടില്ല. കുറച്ചുനേരം ആ തീയുടെ ചൂടിൽ അവൾ കിടന്നു, സഹിക്കാൻ കഴിയാതെ വന്നപ്പോൾ മണ്ണിലേക്ക് ഒതുങ്ങി.

ഭൂമിയുടെ തണുപ്പ് അവളുടെ ശരീരത്തിൽ ആശ്വാസം പകർന്നു. അലഞ്ഞുനടന്നതിന്റെ ക്ഷീണത്തിൽ അവൾ മെല്ലെ ഉറക്കത്തിലേക്ക് വഴുതിവീണു. അങ്ങനെ കുറേനേരം കിടന്നു. പിന്നെ എഴുന്നേറ്റപ്പോൾ ആരുമില്ല, എല്ലാവരും പോയിരുന്നു. നിശബ്ദത മാത്രം അവശേഷിച്ചു.

ഭദ്ര എന്തൊക്കെയോ തീരുമാനിച്ചുറപ്പിച്ചു. അവൾ പതിയെ എഴുന്നേറ്റ് നടക്കാൻ തുടങ്ങി. ഇരുട്ട് കാരണം വഴി വ്യക്തമല്ല. തന്റെ വീട് അന്വേഷിച്ച് അവൾ കുറേയേറെ ദൂരം നടന്നു. ഏത് വഴിയിലൂടെയാണ് തന്നെ ഇത്രയും ദൂരെ എത്തിച്ചതെന്ന് ഓർത്ത് അവൾക്ക് വിഷമം തോന്നി. അപ്പോഴാണ് ദൂരെ ഒരു വെളിച്ചം കണ്ടത്. ഒരു പ്രതീക്ഷയോടെ അവൾ അങ്ങോട്ട് നടന്നു. അത് അവളുടെ വീടായിരുന്നു.

ഭദ്ര പതിയെ തന്റെ പഴയ വീടിന്റെ പൂമുഖത്ത് എത്തി. മുറ്റത്തും ഇടനാഴിയിലും, മുറിയിലും, പുറത്തും ആളുകൾ നിറഞ്ഞുനിൽക്കുന്നു.

'ഇന്നെന്താണ് ഇത്രയേറെ പ്രാധാന്യം?'

അവൾ അമ്പരന്നു. ഇടനാഴികളിലൂടെ അവൾ അലഞ്ഞുതിരിഞ്ഞു. അവിടെയും നിറയെ ആളുകൾ. അവരുടെ മുഖത്ത് സന്തോഷം. അവർ കളിച്ചും ചിരിച്ചും ഓടിനടക്കുന്നു. പുറത്ത് വലിയൊരു അടുപ്പ് കത്തിച്ച് പലതരം വിഭവങ്ങൾ ഉണ്ടാക്കുന്നു. വലിയൊരു പന്തൽ കെട്ടിയിട്ടുണ്ട്. ആളുകൾ സദ്യ കഴിക്കുന്നു.

അടുക്കളയുടെ ഭാഗത്തുനിന്ന് ചില സംഭാഷണങ്ങൾ അവൾ കേട്ടു:

'നാളെ ഭദ്രയുടെ അടിയന്തിരം ഗംഭീരമാക്കണം....'

"ഇന്നത്തെ സദ്യ അടിപൊളിയായിരുന്നു!"

"അപ്പോൾ നാളെയോ.. രണ്ടുതരം പായസമാണ്."

"ഭദ്രയുടെ അടിയന്തിരം കൂടണം, നല്ലൊരു സദ്യ കഴിച്ചിട്ട് കാലം കുറച്ചായി."

തന്റെ ബന്ധുക്കളും ഏറ്റവും അടുത്ത കൂട്ടുകാരികളുമാണ് സംസാരിക്കുന്നതെന്ന് അവൾക്കു മനസ്സിലായി. അവരുടെ ചിരി അവൾക്ക് ഒരു കുത്തേറ്റതുപോലെ തോന്നി.

സ്നേഹമുള്ള കുടുംബം, നല്ല സുഹൃത്തുക്കൾ, നല്ല ജീവിതം - എല്ലാം ഒരു സ്വപ്നം പോലെയായിരുന്നു. ഒരു വാഹനാപകടം ആ സ്വപ്നത്തെ തകർക്കുന്നതുവരെ. പെട്ടെന്നുള്ള ആ മരണം ആർക്കും താങ്ങാൻ കഴിഞ്ഞില്ല.

മരണശേഷം, ഭദ്രയുടെ ആത്മാവ് ഭൂമിയിൽ അലഞ്ഞുതിരിയാൻ തുടങ്ങി. അവൾക്ക് സമാധാനം കണ്ടെത്താൻ കഴിഞ്ഞില്ല. പ്രിയപ്പെട്ടവരെ വിട്ടുപിരിയുന്നതിലുള്ള വേദനയും, പൂർത്തിയാക്കാൻ കഴിയാത്ത ആഗ്രഹങ്ങളും അവളെ അലട്ടി. അങ്ങനെയാണ് അവൾ തിരിച്ചു വന്നത്.

ആർക്കും അവളെ കാണാൻ കഴിഞ്ഞില്ലെങ്കിലും അവൾക്ക് എല്ലാം കാണാമായിരുന്നു. കേൾക്കാമായിരുന്നു. പക്ഷെ താൻ പറയുന്നത് ആർക്കും കേൾക്കാൻ കഴിയുന്നില്ല എന്നതും താൻ അവർക്ക് അദൃശ്യയാണെന്നതും അവൾക്ക് അറിയില്ലായിരുന്നു. അതിനാൽ അവൾ എല്ലാവരെയും വിളിച്ച് ഓരോന്നും ചോദിച്ചു. പക്ഷേ അവർ ആരും അവളോട് മിണ്ടിയില്ല. അവളുടെ ശബ്ദം ഒരു കാറ്റിന്റെ മർമ്മരം പോലെ അവരെ കടന്നുപോയി.

ഉച്ചയോടെ അടിയന്തിരം കൂടാൻ നാട്ടിലെ താൻ കാണാത്തവരും അറിയാത്തവരുമായി ഒട്ടേറെ ആളുകളെ കണ്ടു. അച്ഛനും അമ്മയും നല്ല വേഷങ്ങൾ അണിഞ്ഞിരിക്കുന്നു. ബന്ധുക്കൾ എല്ലാവരും എത്തിയിട്ടുണ്ട്..

പലരും കുശലം പറഞ്ഞു ചിരിക്കുന്നു. മു

ത്തശ്ശിയുടെ മുറിയിൽ പ്രായമുള്ള സ്ത്രീകൾ ഇരുന്ന് പഴംപുരാണം പറയുന്നു. അച്ഛനും അമ്മയും വരുന്നവരെ സ്വീകരിച്ച് ഇരുത്തുന്നു.

അവൾ കുറേനേരം അവിടെയെല്ലാം സഞ്ചരിച്ചു. അവൾക്ക് വല്ലാത്തൊരു ഒറ്റപ്പെടൽ തോന്നി. അവൾ ആരുമില്ലാത്ത ഒഴിഞ്ഞ ഭാഗത്ത് പോയിരുന്നു.

രാത്രിയിൽ വീട്ടിലെ ബഹളം ഒന്നവസാനിച്ചപ്പോൾ അവൾ തന്റെ മുറിയിലേക്ക് നടന്നു. അവിടെ ചെന്നപ്പോൾ അനുജത്തി മാലയും അമ്മയും ഇരിക്കുന്നത് കണ്ടു. അവരോട് അവൾ പറഞ്ഞു,

"എന്തൊരു ബഹളമായിരുന്നു ഇവിടെ."

പക്ഷേ അവർ അതൊന്നും ശ്രദ്ധിക്കാതെ സംസാരിച്ചുകൊണ്ടിരുന്നു.

മാല അമ്മയോട് പറയുന്നത് അവൾ കേട്ടു:

"ഞാൻ ഈ മുറിയിലാണ് ഇനിമുതൽ കിടക്കുന്നത്... ചേച്ചി ഉണ്ടായിരുന്നപ്പോൾ ഈ മുറിയിൽ എനിക്ക് കിടക്കാനേ പറ്റിയിട്ടില്ല."

അമ്മ പറഞ്ഞു:

"ഇനി നിനക്കു കിടക്കാമല്ലോ... ഭദ്രയുടെ എല്ലാം ഇനി നിനക്കുതന്നെയാണ്..."

അത് കേട്ട് അവളുടെ ഹൃദയം നുറുങ്ങി. അവൾ വേഗം അവിടെനിന്ന് മുൻവശത്തെത്തി.

അച്ഛൻ പൂമുഖത്തെ ചാരുകസേരയിൽ കിടക്കുന്നു. തൊട്ടരികിൽ തിണ്ണയിൽ തന്റെ എല്ലാമായിരുന്ന നിഖിലും അമ്മായിയും ഇരിക്കുന്നു.

അമ്മായി പറയുന്നത് കേട്ടു:

"ഭദ്രയുടെ എല്ലാം ഭംഗിയായി കഴിഞ്ഞു...'

'ങ്ങാ... വിളിച്ചവരൊക്കെ ഒന്നോ രണ്ടോ പേരൊഴികെ എല്ലാവരും എത്തി... സമാധാനമായി. സാധനങ്ങൾ ബാക്കിയാവുമോ എന്നൊരു പേടിയുണ്ടായിരുന്നു...'

'എന്തായാലും കാര്യങ്ങൾ ഭംഗിയായി കഴിഞ്ഞല്ലോ...പിന്നെ ചേട്ടാ... നാളെ രാവിലെതന്നെ ഞങ്ങൾ പോകുംട്ടോ...'

'രണ്ട് ദിവസം കഴിഞ്ഞ് പോയാൽ പോരെ.. നിങ്ങൾക്ക്?"

"ഏയ് ലീവ് കിട്ടില്ല...'

നിഖിൽ പറഞ്ഞു

"എന്നാൽ ഇഷ്ടംപോലെ...നടക്കട്ടെ....."

ഇടയ്ക്കൊക്കെ വരാ....".

"വരണമല്ലോ.... പിന്നെ നിഖിലിന് ഒരാഗ്രഹംണ്ട്.. ഏട്ടത്തിയമ്മ ഏട്ടനോട് ചോദിക്കാൻ പറഞ്ഞു...'

അമ്മായി പറയുന്നത് എന്താണെന്നറിയാൻ അവൾ കാതുകൾ കൂർപ്പിച്ചു

"എന്താണ്...?"

"മാലയെ... നിഖിലിനെക്കൊണ്ട്...'

അത് കേട്ട് അവളുടെ ചങ്ക് തകർന്നു. അവൾ അച്ഛനെ തോണ്ടി വിളിച്ചു, പക്ഷെ അച്ഛൻ അവളെ ശ്രദ്ധിച്ചില്ല

"അച്ഛാ, ഇത് സമ്മതിക്കരുത്... നിഖിൽ എന്റെ എല്ലാമാണ്...'

അച്ഛൻ എതിർക്കുമെന്ന് ഓർത്ത് അവൾ കാതോർത്തു.

"എനിക്ക് എതിർപ്പൊന്നും ഇല്ല... മാല എന്ത് പറഞ്ഞു?"

"അവൾക്ക് പണ്ടേ നിഖിലിനെ കാര്യമാണ്...ചേട്ടാ...'

'എന്നാൽ നമുക്ക് ആലോചിച്ച് നടത്താം."

ഭദ്രയ്ക്ക് അത് കേട്ട് തകർന്നു പോയി. അനുജത്തി മാലയും നിഖിലിനെ സ്നേഹിച്ചിരുന്നോ? അവൾ നിഖിലിനെ നോക്കി. അവന്റെ മുഖത്ത് തെളിഞ്ഞു കത്തുന്ന പ്രകാശം അവളെ ചുട്ടുപൊള്ളിച്ചു. അവൾ ഇതുവരെ വിശ്വസിച്ചതെല്ലാം ഒരു നുണയായിരുന്നു.

താൻ അതുവരെ കരുതിയതുപോലെയായിരുന്നില്ല കാര്യങ്ങൾ എന്ന് അവൾക്ക് മനസ്സിലായി.

താനിപ്പോൾ ഈ വീട്ടിൽ ആരുമല്ലാതായിരിക്കുന്നു. കുറച്ച് ദിവസങ്ങൾക്ക് മുൻപേ ഓടിനടന്ന ഇടം ഇപ്പോൾ തനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

അവൾക്ക് കരച്ചിൽ വന്നു, പക്ഷേ ആരും അവളെ ശ്രദ്ധിച്ചില്ല. അവളുടെ കണ്ണുനീർ ഒരദൃശ്യമായ നനവായി നിലത്തുവീണു.

'ഞാനിപ്പോൾ ഇവിടെ ആരുമല്ല... എന്നെക്കുറിച്ച് ആർക്കും ഇപ്പോൾ ഒരു ചിന്തയുമില്ല... അവരൊക്കെ എന്നെ എത്ര വേഗമാണ് മറന്നത്.'

അവൾ തനിയെ പറഞ്ഞു. പക്ഷേ അവൾ ഇപ്പോഴും എല്ലാവരെയും സ്നേഹിക്കുന്നുണ്ട്. അതുകൊണ്ടാണ് താൻ ഇത്രയധികം വേദനിച്ചിട്ടും ഇവിടെ ചുറ്റിപ്പറ്റി നിൽക്കുന്നത്.

പക്ഷേ ഇനി ഇവിടെ നിൽക്കുന്നതിൽ എന്ത് കാര്യം? ഇവിടെ ഇനിയും തുടർന്നാൽ താൻ ഇഷ്ടപ്പെടാത്ത പലതും കാണേണ്ടിവരും. ഇത് സഹിക്കാൻ തനിക്കു കഴിയില്ല. അവൾ വേദനയോടെ പതിയെ പുറത്തുകടന്നു.

അങ്ങ് കല്ലുവെട്ടാംകുഴിയ്ക്കപ്പുറത്തെ വിജനമായ ചുടുകാട്ടിൽ അവൾ എത്തിച്ചേർന്നു. എരിഞ്ഞടങ്ങിയ ചിതയ്ക്കരികെ അവൾ തെല്ലുനേരം നിന്നു. ശാന്തിയും സമാധാനവും ഇല്ലാത്ത അവൾ ആ ചുടുകാട്ടിൽ ഗതി കിട്ടാത്ത മറ്റ് ആത്മാക്കളോടൊപ്പം അവിടെ അലഞ്ഞുതിരിഞ്ഞുകൊണ്ടിരിക്കുന്നു ഇപ്പോഴും.

●

കഥ

# മരിക്കാത്ത ദിനം





നുഷറ. സി എച്ച്

ഒരായുസ്സ് മുഴുവൻ ഉറ്റവർക്കായ് ജീവിച്ച മനസ്സിന്റെ വലുപ്പം തിരിച്ചറിയാൻ കഴിയുന്നത് തിരിച്ചു വരാതെ യാത്രയാവുന്ന ആ മനുഷ്യന്റെ പടിയിറക്കത്തിലൂടെയാവാം.. ഉമ്മറ കോലായിലിരുന്ന് ഓരോന്ന് ചിന്തിച്ചിരിക്കുകയായിരുന്നു കുഞ്ഞാക്ക. ലക്കും ലഗാനുമില്ലാതെ പറക്കുന്ന മനസിനെ തിരിച്ചെടുക്കാൻ ഇന്നത്തേക്ക് പത്താണ്ട് പിന്നിട്ടിട്ടും കഴിയുന്നില്ല.

'ഓളുള്ളപ്പോൾ ഞാനൊന്നും അറിഞ്ഞിരുന്നില്ല ഉസ്താദെ..'

പറക്കണ കാക്കയുടെ അടുത്ത് പോലും ഓള് സംസാരിക്കും . സുബിഹിക്ക് മുന്ന് എണീറ്റാൽ കിടക്കാൻ പാതിരയാവും, അതുവരേക്കും പാഞ്ഞു നടന്ന് കുടുംബത്തെയും മക്കളെയും എന്ത് മൊഞ്ചിലാ ഓള് നോക്കിയത്.

നിക്ക് ഒന്നും അറിയില്ലായിരുന്നു ഞാനതൊന്നും മനസിലാക്കില്ലായിരുന്നു., നിറഞ്ഞൊഴുകുന്ന കണ്ണീർ തുടച്ചുകൊണ്ട്, വാക്കുകൾ പറഞ്ഞ് മുഴുവനാക്കാൻ കഴിയാതെ കുഞ്ഞാക്കാന്റെ തൊണ്ട ഇടറിയിരുന്നു,

മുറ്റത്ത് വലിച്ചു കെട്ടിയ ട്ടാർപ്പായ കാറ്റിൽ പറക്കുന്നുണ്ട്.

നാടും വീടും ഓൾടെ ദിവസം മറക്കൂല.

മുഹറം 9

അന്ന് നല്ല മഴയായിരുന്നു എല്ലാവർക്കും നോമ്പും, നോമ്പ് തുറപ്പിക്കാൻ ഉസ്താദിനെയും മദ്രസ കുട്ട്യോളെയും വിളിച്ചിട്ടുണ്ട്, വെയിലും മഴയും നോമ്പും ഒന്നും ഓൾക്ക് വിഷയല്ല ഓള് ചെയ്യുന്ന പണിലൊന്നും ഒരു മുടക്കണ്ടാവില്ല .

പത്തിരിയും, കോഴിക്കറിയും നേർത്തെ തന്നെ തയ്യാറാക്കിക്ക് ണ് ഓള്, അതും നമ്മുടെ പെരേല് വളർത്തണ കോഴിയന്നെ മുന്നേ നിയ്യത്താക്കി വെക്കും , എന്നാ ഓള്ട്ട് തിന്നും ഇല്ലാട്ടാ അങ്ങനെ വളർത്തി വലുതാക്കിതല്ലേ.

എല്ലാ പണിയും ഒരുക്കി ഉസ്താദ് മൗലൂദും ചൊല്ലി, അപ്പോഴ്യല്ലേ ഒരു വേദന വന്നത് അപ്പോൾ തന്നെയെല്ലാം കഴിയും ചെയ്ത്. ഓൾടെ മണണ്ടല്ലോ കാറ്റിലങ്ങനെ പരക്കും , കാച്ചിയ എണ്ണയുടെയും ആ ഇളനീർകുഴമ്പിന്റെയും.

'ഓള് എവിടെ പോവാൻ എവിടെയും പോവില്ല.. 'കുഞ്ഞാക്ക അവനവനോടെന്നപോലെ പറഞ്ഞോണ്ടിരുന്നു.

മുറ്റത്ത് ശാന്തമായി പെയ്യുന്ന മഴ മൗലൂദിന്റെയും ഖുർആനിന്റെയും ഈണം കാറ്റിൽ പരന്നു. മദ്രസ കുട്ട്യോൾടെ ശബ്ദം ഓതുന്നതിന് മാറ്റ് കൂട്ടി..

നോമ്പ് തുറക്കാൻ തയ്യാറായെന്ന മട്ടിൽ ഓൾടെ കുറിഞ്ഞി പൂച്ച ഒരുങ്ങി ഇരുന്നു.

ബാങ്കൊലിയുയർന്നു.,

മുറ്റത്ത് ഓള് നട്ടുനനച്ചു വളർത്തിയ മൈലാഞ്ചി ചെടി തഴച്ച് പൂത്ത് വളർന്ന് കാറ്റിലാടി സുഗന്ധം പരത്തി..

'എല്ലാം ഓള് കാണുന്നുണ്ടാവും '

അല്ലേലും ഓള് എവിടെ പോവാൻ എന്നേയും മക്കളെയും കുടുംബത്തെയും തനിച്ചാക്കാൻ ഓൾക്ക് കഴ്യിലാലോ.. '

ഒരു ആശ്വാസത്തിന്റെ നെടുവീർപ്പോടെ അയാൾ നോമ്പ് തുറന്നു. അപ്പോഴും ആ മിഴികൾ അവളെ തേടുന്നുണ്ടായി...

നർമ്മകഥ



ബി.ജോസുകുട്ടി



# ഋഷ്യശൃംഗൻ റീ- ലോഡഡ്

രാജ്യമാകെ കഠിനമായ വരൾച്ചയായിരുന്നു. ഒരു തുള്ളി വെള്ളം പോലും അമൂല്യമായിരുന്നു. രാജ്യത്ത് മഴ പെയ്ത കാലം തന്നെ പ്രജകൾ മറന്നു. കുളവും തോടും കിണറുമെല്ലാം വറ്റിപ്പോയിരുന്നു. അസഹ്യമായ ചൂടിൽ മനുഷ്യന് പൊറത്തോട്ടു പോലും പോകാൻ പറ്റാത്ത അവസ്ഥയായിരുന്നു. രാജാവിന്റെ കൊട്ടാരത്തിൽ കെയ്സ് കണക്കിന് മിനറൽ വാട്ടർ രാജകുടുംബത്തിനു വേണ്ടി സ്റ്റോക്ക് ചെയ്തിരുന്നതിനാൽ രാജാവും രാജ്ഞിയും രാജകുമാരിയും തോഴിമാരും മറ്റ് കൊട്ടാരം ജീവനക്കാരും വെള്ളമില്ലാതെ ജനങ്ങളനുഭവിക്കുന്ന കഷ്ടപ്പാടൊന്നും വലുതായറിഞ്ഞിരുന്നില്ല. മന്ത്രിമാരുടെ വസതികളിലും രാജഗുരുവിന്റെ ബംഗ്ലാവിലും മിനറൽ വാട്ടർ സപ്ലൈ ഉണ്ടായിരുന്നതിനാൽ അവരും ഇതൊന്നും അറിഞ്ഞില്ല. അല്ലെങ്കിൽ അറിഞ്ഞതായി നടിച്ചില്ല.

വെള്ളമില്ലെന്നുള്ള പരാതിയുമായി കൊട്ടാരത്തിൽ വന്ന ചില പ്രജകളെ കാവൽക്കാർ വിരട്ടിയോടിച്ചു. ചിലരിൽ നിന്ന് കൈക്കൂലി വാങ്ങി മിനറൽ വാട്ടർ ഓരോ കെയ്സു വീതം കൊടുത്തു വിട്ടു. ഇങ്ങനെ കാലം കഴിയവേ, ഒരു ദിവസം രാജഗുരു വേഷപ്രച്ഛന്നനായി തന്റെ ആഡംബര കാറിൽ ടൗണിലെത്തി. പലയിടങ്ങളിലും ജനങ്ങൾ മോരും വെള്ളവും നാരങ്ങാ വെള്ളവും കുലുക്കി സർബ്ബത്തും കരിമ്പിൻ ജ്യൂസും കരിക്കും വിൽക്കുന്ന കടകളിൽ ക്യൂ നിൽക്കുന്നതു കണ്ടു. രാജഗുരു ഒരു കടക്കാരനോട് ചോദിച്ചു. 'എന്താ ഇത്രയധികം തിരക്ക്, ആളുകൾ വെള്ളം കുടിക്കാൻ നിൽക്കുന്നതാണോ ?
ഇയാളേത് നാട്ടുകാരനാ, ഈ നാട്ടിൽ കുടിവെള്ളം കിട്ടാക്കനിയാണെന്ന് തനിക്കറിയില്ലേ ? ഒരു കിഴങ്ങൻ രാജാവുണ്ട്, അയാളിതു വല്ലതും അറിയുന്നുണ്ടോ ?

കടക്കാരൻ ദേഷ്യത്തോടെ ചോദിച്ചു.

രാജഗുരു ചമ്മി. താൻ രാജഗുരുവാണെന്ന് ഇവനറിയില്ല. അറിഞ്ഞാൽ ഇവൻ മുണ്ടഴിച്ചിട്ട് തന്റെ മുമ്പിൽ പഞ്ചപുച്ഛത്തോടെ നിൽക്കുമായിരുന്നു. ചിലപ്പോൾ താൻ രാജഗുരുവാണെന്നറിഞ്ഞാൽ നാട്ടുകാർ ചിലപ്പോൾ പഞ്ഞിക്കിട്ടെ

ന്നു വരും. വേണ്ട, മുങ്ങിയേക്കാം രാജഗുരു വേഗം കാറിൽ കയറി. ഡ്രൈവറോട് ഏ സി ഇടാൻ പറഞ്ഞിട്ട് കാറിലുണ്ടായിരുന്ന മിനറൽ വാട്ടർ ബോട്ടിൽ വായിലേക്ക് കമിഴ്ത്തി. 'വേഗം കൊട്ടാരത്തിലോട്ട് വണ്ടി വിട്' എന്നു ഡ്രൈവറോട് ആജ്ഞാപിച്ചു. സംഗതി ഇത്ര രൂക്ഷമാണെന്നറിഞ്ഞില്ല, ജനങ്ങൾ കുടിവെള്ളത്തിനായി നെട്ടോട്ടത്തിലാണ്, ഇതൊന്നും രാജാവറിഞ്ഞില്ലെന്നുണ്ടോ ? രാജഗുരു കൊട്ടാരത്തിലെത്തിയപ്പോൾ ഒരു ഭടൻ വന്നു പറഞ്ഞു, 'തിരുമേനി കുളിക്കുകയാണ്, ഇരിക്കാൻ പറഞ്ഞു.' ഇരിക്കാനൊന്നും നേരമില്ല സ്വിമ്മിംഗ് പൂളിലാണോ, ഷവർ ടെമ്പിളിലാണോ കുളി ? രാജഗുരു ചോദിച്ചു.

'സ്വിമ്മിംഗ് പൂളിലാണ്' ഞാനങ്ങോട്ട് ചെന്നു കണ്ടോളാം എന്നു പറഞ്ഞ് രാജഗുരു സ്വിമ്മിംഗ് പൂളിലേക്കു നടന്നു. മനോഹരമായ ഉദ്യാനത്തിനു നടുവിലായിരുന്നു പൂൾ. സ്ഫടിക സമാനമായ വെള്ളത്തിൽ ടു പീസ് സ്വിം സൂട്ടണിഞ്ഞ് രാജാവ് നീന്തുകയായിരുന്നു. ഏതാനും തോഴിമാരും ഭടന്മാരും കാവൽ നിൽപ്പുണ്ട്. കുറച്ചു മാറി രണ്ടു ബാത്ത് ചെയറിലിരുന്നു രാജ്ഞിയും രാജകുമാരിയും ഫോണിൽ തോണ്ടിക്കൊണ്ടിരുന്നു.

പൂളിനരികിൽ ഒരു കെയ്സ് കിംഗ് ഫിഷർ ബിയർ ഇരിക്കുന്നത് രാജഗുരു കണ്ടു. രാജഗുരുവിനെ കണ്ടപ്പോൾ രാജാവ് കയ്യുയർത്തി വിഷ് ചെയ്തു. 'അവിടിരിക്ക് ഗുരോ ഞാനിപ്പം വരാം, അവിടുന്ന് ഒരു ബിയറെടുത്ത് പൊട്ടിച്ചടിക്ക്, ഞാൻ ദേ വരുന്നു' രാജഗുരുവിന്റെ കുരു പൊട്ടി. 'ഇയാളൊന്നും അറിഞ്ഞില്ലേ, നാട്ടിൽ വരൾച്ചയും ജലക്ഷാമവും കൊണ്ടു ജനങ്ങള് പൊറുതിമുട്ടിയിരിക്കുകയാണെന്ന്, വിവരം കെട്ടവൻ' രാജഗുരു മനസ്സിൽ പറഞ്ഞു. പിന്നെ, ബിയറുകുപ്പി ഒരെണ്ണം കയ്യിലെടുത്തു. ബിയർ മുഴുവൻ അകത്താക്കി കഴിഞ്ഞപ്പോൾ രാജാവ് തോർത്തി മേൽവസ്ത്രവുമുടുത്തു വന്നു. 'എന്താ വിശേഷം ഗുരോ ? ' അപ്പോ തിരുമേനി ഒന്നും അറിഞ്ഞില്ലേ ? '

'കാര്യം എന്താന്നു വെച്ചാ തൊറന്നു പറ ഗുരോ ' 'നാട്ടിലാകെ പ്രശ്നമാണ് പ്രഭോ കുടിവെള്ളം എങ്ങും കിട്ടാനില്ല' 'ഞാനും കുറച്ചൊക്കെ കേട്ടു. നാട് വരൾച്ച നേരിടുകയാണല്ലോ മഴയും ചെയ്യുന്നില്ല' 'ജനങ്ങൾ ആകെ വയലന്റാണ്, എന്തെങ്കിലും ഒന്നു ചെയ്തേ പറ്റൂ' രാജഗുരു പറഞ്ഞു. 'നമ്മുക്ക് കണ്ടയിനറിൽ മിനറൽ വാട്ടർ വരുത്തി പ്രജകൾക്ക് വിതരണം ചെയ്താലോ ? രാജാവ് ഉപായം പറഞ്ഞു. 'എന്റെ പ്രഭോ അതു നടപ്പുള്ള കാര്യമല്ല, കോടികള് വേണം നമ്മുടെ ഖജനാവ് അത് താങ്ങൂല്ല' രാജഗുരുവിന് ദേഷ്യം വരാൻ തുടങ്ങി. എങ്കിലും അതടക്കി വെച്ചു.' പിന്നെന്താ ഒരു പോംവഴി ? ഗുരു പറ' രാജാവ് അക്ഷമനായി. 'നമ്മുക്കു യാഗം നടത്താം' ഗുരു പ്രതിവിധി പറഞ്ഞു. 'എന്തു യാഗം ? രാജാവ് ആകാംക്ഷയോടെ ചോദിച്ചു.' മഴ കിട്ടാത്തതാണല്ലോ ജലക്ഷാമത്തിനുള്ള കാരണം, നമ്മുക്കു മഴ പെയ്യിക്കാനുള്ള യാഗം ചെയ്യാം, അത് ചെയ്താ മഴ ഒറപ്പാ' 'എന്നാപ്പിന്നെ അതിനൊള്ള ഏർപ്പാട് ചെയ്യ് ഗുരോ' രാജാവ് ധൃതി കൂട്ടി. ' അയ്യോ പ്രഭോ അതങ്ങനെ എളുപ്പം ചെയ്യാൻ പറ്റില്ല, അതിന് ചെല നടപടിക്രമങ്ങളൊക്കെയുണ്ട് ' രാജഗുരു മൊഴിഞ്ഞു. 'എന്താണെന്നു വിശദീകരിച്ചു പറ ഗുരോ' നമ്മുടെ രാജ്യത്തുള്ള ഒരു കാട്ടിൽ ഒരു യുവസന്യാസി താമസിക്കുന്നുണ്ട് അദ്ദേഹം സ്ത്രീയുമായി സഹവാസം ഇല്ലാത്തയാളാണ് ഒരു സ്ത്രീയെ കണ്ടിട്ടില്ല അങ്ങനെയുള്ള ഒരാളാണ് ഈ യാഗം ചെയ്യേണ്ടത്. അങ്ങേര് വന്ന് യാഗം ചെയ്താൽ മതി' ഗുരു പറഞ്ഞു.

ഇതുവരെ ഒരു സ്ത്രീയെ കണ്ടില്ലാത്ത, സ്ത്രീ സ്പർശമേൽക്കാത്ത ഒരാളോ, എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല' രാജാവ് അമ്പരന്നു. 'ഉണ്ട് പ്രഭോ, ഋഷ്യശൃംഗൻ എന്നാണ് പേര്. പുള്ളി വന്നാ സംഗതി നടക്കും' ഗുരു തറപ്പിച്ച് പറഞ്ഞു. 'എന്നാൽ അദ്ദേഹത്തെ വിളിച്ചോണ്ടു വാ, എന്താന്നുവെച്ചാ കൊടുക്കാം' രാജാവിന് ധൃതിയായി. 'അയ്യോ പ്രഭോ അങ്ങനൊന്നും അദ്ദേഹം വരില്ല, പ്രലോഭിപ്പിച്ച് കൊണ്ടുവരണം' മന്ത്രി പറഞ്ഞു. 'എനിക്ക് മനസ്സിലായില്ല ഗുരോ എങ്ങനെ ? രാജാവിന് സംശയമായി. 'പ്രഭോ നമ്മുടെ നാട്ടിലെ ഏറ്റവും സുന്ദരിയായ സ്ത്രീ വേണം അവൾ കന്യകയായിരിക്കണം അവളായിരിക്കണം കണ്ണും കയ്യും കാണിച്ച് ആ യുവമുനിയെ കൊണ്ടുവരേണ്ടത്' മന്ത്രി വിവരിച്ചു. 'ഇനിയിപ്പോ എവിടുന്ന് കണ്ടെത്തും ഒരു കന്യകയെ നമ്മുടെ അന്ത:പ്പുരത്തിലാണേൽ അങ്ങനൊരു കന്യകയായ പെണ്ണുമില്ല' രാജാവ് ചിന്തയിലാണ്ടു. 'അതെനിക്കറിയാമല്ലോ പ്രഭോ കന്യകയായി ആരുമില്ലെന്ന്' മന്ത്രി അർത്ഥഗർഭത്തോടെ പറഞ്ഞു.'

സാരല്യ നമ്മുക്കു വഴിയുണ്ടാക്കാം' ആയിക്കോട്ടേ, ഗുരു എന്താന്നുവെച്ചാ ചെയ്തോളൂ ചെലവിനെന്താന്നുവെച്ചാ വേണ്ടത് കണക്കപ്പിള്ളയിൽ നിന്നു വൗച്ചർ ഒപ്പിട്ട് കൊടുത്തു വാങ്ങിച്ചോ, എനിക്ക് ഒന്നുകിടക്കണം' രാജാവ് ഇതു പറഞ്ഞ് അന്ത:പ്പുരത്തിലേക്ക് പോയി. രാജഗുരു ആലോചനകളുമായി മടങ്ങി. കൊട്ടാരം നർത്തകിയായി കഴിഞ്ഞ വർഷം പെൻഷനാ

യ മാലിനിക്ക് വൈശാഖി എന്നൊരു മകളുണ്ടെന്നു ഗുരുവിനറിയാമായിരുന്നു. പിറ്റേന്നു തന്നെ രാജഗുരു കൊട്ടാരം നർത്തകിയെ വിളിപ്പിച്ചു. ഗുരുവിന്റെ വീട്ടിലെത്തിയ മാലിനിയോട് ഗുരു കാര്യങ്ങൾ വിശദീകരിച്ചു പറഞ്ഞു. 'മഴയില്ലാതെ കുടിവെള്ളം കിട്ടാതെ നാട് വിഷമിക്കുന്ന കാലമാണ്. നീ ഇതു ചെയ്ത് രാജ്യസ്നേഹം കാണിക്കണം.' 'രാജ്യസ്നേഹമൊക്കെ കാണിക്കാം ആ പയ്യനെ വശീകരിച്ചു കൊണ്ടുവരാം, പക്ഷേ, ഞങ്ങൾക്കെന്തു കിട്ടും ? മാലിനി ചോദിച്ചു. 'അതൊക്കെ വേണ്ടതു ചെയ്യാമെന്നു രാജാവ് പറഞ്ഞിട്ടുണ്ട്.' ഗുരു ബോധിപ്പിച്ചു. 'അതു പറ്റില്ല എഗ്രിമെന്റ് വേണം, അമ്പതു ലക്ഷം രൂപ, ലക്ഷറി ഫ്ലാറ്റ്, ഒരു ഇന്നോവ കാർ, പിന്നെ രണ്ട് ഐ ഫോണും. മാലിനി പറഞ്ഞു. 'പുര കത്തുമ്പോൾ തന്നെ വാഴ വെട്ടണം' ഗുരു ഈർഷ്യയോടെ പറഞ്ഞു. 'പുര കത്തിയില്ലല്ലോ കത്താൻ പോവുവല്ലേ, അത്രയ്ക്ക് ചൂടല്ലേ നാട്ടിൽ' മാലിനി തിരിച്ചടിച്ചു. ഞാൻ രാജാവിനോട് പറയാം നീ ഇപ്പ പൊയ്ക്കോ' ഗുരു മാലിനിയെ പറഞ്ഞയച്ചു. പോകുന്നതിനു മുമ്പ് മാലിനി പറഞ്ഞു.

'അഡ്വാൻസ് പത്തുലക്ഷം വേണം, എന്റെ നമ്പരിൽ ജീ പേ ചെയ്താൽ മതി. പിന്നെ, മറ്റൊരു കാര്യം പയ്യനെ ഇവിടെയെത്തിക്കാം ബാക്കി തരാനുള്ള കാശും മറ്റു കാര്യങ്ങളും പയ്യനെ കൊണ്ടുവന്നാലുടനെ തരണം. അതൊക്കെ എഗ്രിമെൻറിൽ എഴുതണം' പണ്ട് ഒരു സ്ത്രീ പറ്റിക്കപ്പെട്ട ചരിത്രം എനിക്കറിയാം അതുകൊണ്ടു പറഞ്ഞതാ' നീ വിട്ടോ ഞാൻ പറഞ്ഞോളാം... ഗുരു രാജാവിനെ വിളിച്ച് അപ്പോൾ തന്നെ മാലിനിയുടെ ഡിമാൻഡ് അറിയിച്ചു. 'അവള് പക വീട്ടുകയാണ് അല്ലേ ഗുരോ' മാലിനിയുമായുള്ള രാജാവിന്റെ പഴയ ബന്ധമറിയാവുന്ന ഗുരു രാജാവറിയാതെ, ഊറിച്ചിരിച്ചു. എന്താന്നു വെച്ചാ എഗ്രിമെന്റ് തയ്യാറാക്ക് ഗുരോ, പ്രജകളുടെ ക്ഷേമമാണല്ലോ നമ്മുക്കു മുഖ്യം' മാലിനിയുമായി എഗ്രിമെന്റുണ്ടാക്കി ഗുരു കാര്യങ്ങളൊക്കെ ഏർപ്പാടാക്കി. ഋഷ്യശൃംഗനെ കൊണ്ടുവരാനായി മാലിനിയും വൈശാഖിയും കൂട്ടരും കാട്ടിലേക്കു പോയി. മൂന്നുനാലു ദിനങ്ങൾ കഴിഞ്ഞു. 'ഇവളുമാരെ കാണുന്നില്ലല്ലോ ഗുരോ, പണി പാളുമോ ?

രാജാവിന് സംശയമായി. 'പേടിക്കേണ്ട പ്രഭോ, കരാറിൽ പറഞ്ഞിരിക്കുന്ന പ്രകാരം നമ്മള് അഡ്വാൻസ് മാത്രമല്ലേ കൊടുത്തിട്ടുള്ളൂ, ബാക്കി കാശും ഫ്ലാറ്റും കാറും വന്നിട്ട് കൊടുക്കാമെന്നല്ലേ കരാറിൽ, എന്തായാലും അതവള് ഉപേക്ഷിക്കില്ല' ഗുരു രാജാവിനെ ആശ്വസിപ്പിച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ മാലിനി



യും സംഘവും തിരിച്ചെത്തി. കൂടെ അതിസുന്ദരനായ ഋത്വിക്ക് റോഷനെപ്പോലെയുള്ള ഋഷ്യശൃംഗനും. പയ്യൻ വന്നയുടൻ തന്നെ മാലിനി എഗ്രിമെന്റിൽ പറഞ്ഞ കാര്യങ്ങളുടെ രേഖകൾ കൈമാറി. പയ്യനെ രാജാവും രാജ്ഞിയും രാജകുമാരിയും മന്ത്രിപ്പടയും ഗുരുവും പരിഹാരങ്ങളും ചേർന്നു വൻ വരവേൽപ്പ് നൽകി. രാജകുമാരി പയ്യനെ ഒന്നു കടാക്ഷിച്ചു. അവളുടെ മനസ്സ് തുടികൊട്ടി. ആ യുവകോമളന്റെ ഐ ഡി കിട്ടിയിരുന്നെങ്കിൽ ഒരു ഫ്രണ്ട് റിക്വസ്റ്റ് ഇപ്പത്ത

ന്നെ അയയ്ക്കാമായിരുന്നെന്ന് കുമാരിക്ക് തോന്നി. ഫോർമാലിറ്റീസ് കഴിഞ്ഞ് ഋഷ്യശൃംഗൻ പൂജാദികർമ്മങ്ങളാരംഭിച്ചു. അമൃതവർഷിണി രാഗത്തിലും മേഘമൽഹാർ രാഗത്തിലും കൊട്ടാരം ഗായികമാർ പാട്ടു തുടങ്ങി. പൂജാദി മേളങ്ങൾ മുഴങ്ങി ഹോമകുണ്ഡത്തിൽ പുക ഉയർന്നു. അവ ആകാശത്തിൽ കരിമേഘങ്ങൾ സൃഷ്ടിച്ചു. ഒരു മണിക്കൂർ കഴിഞ്ഞു, രണ്ടു മണിക്കൂർ കഴിഞ്ഞു, മൂന്നുമണിക്കൂർ കഴിഞ്ഞു.മഴ പെയ്യുന്നില്ല, മഴയുടെ ലക്ഷണം പോലുമില്ല. രാജാവ് അക്ഷമനായി' എന്താ ഗുരോ മഴ പെയ്യുന്നില്ലല്ലോ ?

'പ്രഭോ, സമാധാനപ്പെട്, ഇപ്പ ശര്യാക്കിത്തരാം' ഗുരു കുതിരവട്ടം പപ്പുവിന്റെ ഡയലോഗ് പറഞ്ഞു. മണിക്കൂറുകൾ പിന്നിട്ടു, സൂര്യൻ അസ്തമിക്കാറായി. പൂജാദികർമ്മങ്ങൾ ചെയ്യാനെത്തിയ മഹർഷിമാർക്ക് ദാഹം ശമിപ്പിക്കാൻ പെപ്സിയും കോളയും കെയ്സ് കണക്കിന് എത്തിച്ചുകൊണ്ടിരുന്നു. രാജാവ് ഗുരുവിനോട് ചൂടാകാൻ തുടങ്ങി. ' 'പ്രഭോ ചൂടായിട്ട് കാര്യമില്ല, സ്ത്രീയുടെ ഗന്ധവും സ്പർശവുമില്ലാത്ത തേജസ്സുള്ള ഒരു യുവയോഗിവര്യനാണ് വന്നിരിക്കുന്നത്, അദ്ദേഹത്തിന്റെ പൂജകൾ കഴിയട്ടെ, റിസൽറ്റ് കിട്ടും, മഴ പെയ്യും. എനിക്കറിയാവുന്ന കാര്യമാണ്' മന്ത്രി ആശ്വസിപ്പിച്ചു. 'പെയ്താ മതി... രാജാവ് പിന്തിരിഞ്ഞു. സമയം വീണ്ടും കടന്നുപോയി. കുറച്ചു കഴിഞ്ഞപ്പോൾ ഒരു സ്ത്രീ ഒക്കത്തൊരു കുഞ്ഞുമായി ഹോമകുണ്ഡത്തിനടുത്തേക്ക് ഓടിപ്പാഞ്ഞുവരുന്നുണ്ടായിരുന്നു. ഭടന്മാർ ആ സ്ത്രീയെ തടഞ്ഞു. 'വിടടാ പട്ടികളേ, എന്റെ ഭർത്താവിനെ തട്ടിക്കൊണ്ടുവന്നതെന്തിനാ, ഏതവൻ പറഞ്ഞിട്ടാ ഇതു ചെയ്തേ... സ്ത്രീ ഉച്ചത്തിൽ അലറി വിളിച്ച് എല്ലാവരേയും ചീത്തവിളിക്കുന്നുണ്ടായിരുന്നു. 'എന്താ അവിടെ ബഹളം ?

രാജാവ് അന്വേഷിച്ചു. ഗുരു ചെന്നു കാര്യം തിരക്കി 'നിങ്ങളാരാ നിങ്ങൾക്കെന്താ വേണ്ടത് ? ' എനിക്കൊന്നും വേണ്ട എന്റെ കെട്ടിയോനെ എന്തിനാ തട്ടിക്കൊണ്ടു വന്നതെന്നു പറഞ്ഞാ മതി' നിങ്ങടെ കെട്ടിയോനോ, ഇവിടെയാരും നിങ്ങടെ കെട്ടിയോനെ തട്ടിക്കൊണ്ടുവന്നിട്ടില്ല' രാജഗുരു പറഞ്ഞു. പൂജ ചെയ്യുന്ന ഋഷ്യശൃംഗനെ ചൂണ്ടിക്കാട്ടി അവൾ പറഞ്ഞു. ' അയാളാ എന്റെ കെട്ട്യോൻ, ഈ കൊച്ചിന്റെ അച്ഛൻ, രണ്ടുമൂന്നു എന്തരവളുമാരു വന്നു കറക്കിയെടുത്തോണ്ടു പോന്നതാ എന്റെ ഭർത്താവിനെ, മര്യാദയ്ക്ക് അങ്ങേരേ വിട്ടു താ ഇല്ലേൽ വിവരമറിയും.

ആ സ്ത്രീ അലറിത്തുള്ളി. 'ഹേയ് പെണ്ണുമ്പിള്ളേ നിങ്ങക്കാളുതെറ്റിയതാ ഇത് ഋഷ്യശൃംഗനാ സ്ത്രീയുടെ ഗന്ധവും സ്പർശവുമറിയാത്ത മുനികുമാരനാ' ഗുരു വിശദീകരിച്ചു. 'ത്ഫൂ... നിങ്ങൾ പറഞ്ഞത് ശരിയാ അങ്ങേര് മുനികുമാരൻ തന്ന്യാ, പക്ഷേ, ഞങ്ങടെ കല്യാണം കഴിഞ്ഞിട്ട് മൂന്നാലു കൊല്ലമായി, ഈ കൊച്ചേ, അങ്ങേരുടെ ചോരയാ, മര്യാദയ്ക്ക് എന്റെ ഭർത്താവിനെ വിട്ടുതരണം, ഇല്ലെങ്കി രാജാവും ഗുരുവും മന്ത്രിമാരും ചേർന്ന് എന്നെ പീഡിപ്പിച്ചെന്നും പറഞ്ഞ് ഞാൻ കേസുകൊടുക്കും പറഞ്ഞേക്കാം' സ്ത്രീ ഭീഷണിപ്പെടുത്തി. ഗുരുവിന്റെ ഉള്ളൊന്നു കാളി. പണി പാളിയെന്നാ തോന്നുന്നത്.

ചുമ്മാതല്ല ഇത്രയും നേരം യാഗം ചെയ്തിട്ട് മഴ പെയ്യാത്തത്, പറഞ്ഞിട്ട് കാര്യമില്ല. ഗുരു ചെന്ന് രാജാവിനോട് കാര്യങ്ങൾ വിശദീകരിച്ചു. രാജാവ് കോപം കൊണ്ടു വിറച്ചു. ഗുരുവാണെന്ന കാര്യം മറന്ന് ഗുരുവിനെ നാലഞ്ചു പുഴുത്ത തെറി വിളിച്ചു. 'മാപ്പാക്കണം പ്രഭോ അടിയന് ഒരബദ്ധം പറ്റി' ഗുരു രാജാവിന്റെ കാലിൽ വീണു. 'മാലിനിയെവിടെ അവളെ വിളിക്ക്' രാജാവ് അലറി. 'പ്രഭോ ക്ഷമിക്കണം അവള് രാജ്യം വിട്ടെന്നാണറിഞ്ഞത്, ഒരു പക്ഷേ അവളി തൊന്നും അറിഞ്ഞു കാണത്തില്ല' മന്ത്രി നിസ്സഹായതയോടെ പറഞ്ഞു. ' ഇത് നിങ്ങളും മാലിനിയും തമ്മിലുള്ള കളിയാണെന്ന് ആർക്കറിയാം' രാജാവ് സംശയം പ്രകടിപ്പിച്ചു. അയ്യോ അങ്ങനെ പറയരുത് പ്രഭോ, അങ്ങനെ മനസ്സിൽ പോലും ചിന്തിച്ചിട്ടില്ല' ഗുരു ധർമ്മസങ്കടത്തോടെ പറഞ്ഞു. 'എന്തായാലും ഒരു കാര്യം ചെയ്യ് ആ പയ്യനെ, എന്താ അവന്റെ പേര് ? രാജാവ് ചോദിച്ചു.

'ഋഷ്യശൃംഗൻ മന്ത്രി പേരു പറഞ്ഞു. 'ങാ, റിഷിച്ചിങ്കൻ അവനെ ആ പെണ്ണുമ്പിള്ളേടെ കൂടെ വിട്ടയയ്ക്ക് അല്ലെങ്കിൽ പ്രശ്നമാകും' ഗുരുവിനെ പറഞ്ഞു വിട്ട് രാജാവ് അന്തഃപ്പുരത്തിലേക്കു പോയി. അനന്തരം, പ്രജകൾക്ക് കണ്ടയ്നറുകളിൽ വെള്ളമെത്തിക്കാനുള്ള ധനസഹായത്തിനായി ലോകബാങ്കിൽ ലോണിനുള്ള രാജകൽപ്പന നൽകി. ഒപ്പം അന്വേഷണ വിധേയമായി രാജഗുരുവിനെ ആറു മാസത്തേക്ക് സസ്പെൻഡ് ചെയ്യാനുള്ള ഉത്തരവിലും രാജാവ് തുല്യം ചാർത്തി.

●

# പെണ്മ



ഷഫീന സൈത്തൂൻ

മുല,
മുറിച്ചുകളഞ്ഞ പെണ്ണ്
രാത്രിയിൽ ഉറക്കമില്ലാതെ കിടക്കും

ഇരുളിൽ നിന്ന്
ഭീമൻ ഞണ്ടുകൾ അവൾക്കുനേരെ
ഇഴഞ്ഞു വരുന്നതായി സ്വപ്നം കാണും

ഇടയ്ക്കിടെ
അവ പച്ചമാംസം കുത്തിച്ചുരണ്ടി യെടുക്കും

ചോര പുരണ്ട
അവയുടെ കൈയുംകാലും
കത്രികകളുടെ ആവേശപ്പാച്ചിലു
പോലെ
ധൃതികൂട്ടി
ഉടലിനോട് മല്ലടിക്കും
തളരാതെ പെറ്റുപെരുകും

നക്ഷത്രങ്ങളില്ലാത്ത,
വേദനയെടുങ്ങാത്ത രാത്രികൾ
പിന്നെയും പിന്നെയും അവളിലേക്ക് ആഴ്ന്നിറങ്ങും

നോവിന്റെ വേരുകളവശേഷിപ്പിച്ച് അവളിലെ പെണ്മ
നിറമില്ലാതെ പടർന്നു കിടക്കും

പുരുഷകാമനകളുടെ
കാൽപ്പെരുമാറ്റം കേട്ടാൽ
അവളിന്നും കട്ടിലിനടിയിൽ ചുരുണ്ടു കൂടും..!



# നീ....



കയ്യുമ്മു കോട്ടപ്പടി

പണ്ട് ,
മരിച്ചുവീണ ആത്മക്കളുടെ കണ്ണീരു
വീണ നെഞ്ചിലേക്ക് മിഴി മുട്ടുമ്പോൾ.....


തോന്നലുകളിലെ ഇരുളിലേക്ക് കനലുകൾ
അഗ്നി ലാവപോലൊഴുകുമ്പോൾ.....

കാട്ടുതീയ്യിൽ ദഹിക്കപ്പെടുന്ന തരുക്കൾ
പോലെ നീയ്യിട്ടത് നെഞ്ചുരുകുന്ന തീയ്യാണ്...

എന്റെ മനസ്സ് നീയെന്നെങ്കിലും കണ്ടിരുന്നെങ്കിൽ....
പ്രണയം
ആർത്തിരമ്പും സമുദ്രത്തിലെ കത്തുന്ന
നീരൊഴുക്കിൽ കൊളുത്തി വലിയ്ക്കപ്പെട്ട മീനിനെപ്പോലെ....
ആഴത്തിലേയ്ക്കിറങ്ങിപ്പോകുമായിരുന്നോ....?!

സ്വപ്നങ്ങളുടെ നിഗൂഢതയിലേക്ക് മുങ്ങിപ്പൊങ്ങി ,
തോന്നലുകളെ വലിച്ചിഴച്ചിട്ട് ,
എവിടേയ്ക്കാണാവോ ?
ആരുടെ ചൂണ്ടൽ കൊളുത്തിലേയ്ക്കോ...?





# അറിയുവാൻ വൈകിയതെന്തേ?

അറിയുവാൻ വൈകിയതെന്തേ സഖി നിന്റെ
പ്രണയാഭിലാഷഭാഷ്യങ്ങൾ?
അരുണോദയം കാത്തു രാവുന്തും യാമങ്ങൾ
ഒരുപാട് നീണ്ടുപോയെന്നോ?
അകലാൻ മടിക്കുന്നൊരനുരാഗവായ്പിന്റെ
അനുരണനങ്ങൾക്കും മൗനം.
മിഴികളിൽ തെളിയും നിമന്ത്രണ ഭാഷ്യങ്ങൾ
ഇഴചേർത്തു വായിച്ചതില്ല.
ഇടനെഞ്ചിലമരുന്ന മോഹതരംഗങ്ങൾ
വിടചൊല്ലാനെന്നും മടിച്ചു.
നിഴലിഴചേർത്തുടലഴകൊളി മായുമ്പോൾ
മൊഴിയാൻ മടിച്ചുവോ മോഹം?
തുടികൊട്ടുമുള്ളങ്ങളൊരുവേള നേദിച്ച
പ്രണയപുഷ്പങ്ങൾ വാടുന്നോ?
മഴമേഘം മാനത്തു ചാർത്തുന്ന മഴവില്ലിൻ
അഴകിത്ര ക്ഷണികമെന്നോർത്തോ?
പ്രണയപരാഗത്തേൻവഴിയും മിഴികളിൽ
ഇണയെത്തിരയുന്ന ദാഹം.
അറിയുന്നേനാമുഖം അശ്രുബിന്ദുക്കളാൽ
മുഖരിതമാകേണ്ടതില്ല.
അനുധാവനക്കുളിരലതല്ലും നെഞ്ചിലും
അവിരാമ സംഗമസ്വപ്നം.
പ്രണയനിലാക്കുളിർ തളിർമേനി തഴുകുന്ന
അഴകിന്റെ അലകളായ് മിന്നി.
ഒഴുകുമീ ഓളങ്ങൾ തഴുകുന്ന തോണിയിൽ
ഒരു ജീവതാളക്രമങ്ങൾ.
അമരത്ത് തുഴയുമായ് പ്രിയതോഴനെത്തുമ്പോൾ
അരികത്തൊരുലയാത്ത ബന്ധം.
പരിരംഭണക്കുളിരുലയുന്ന മേനിയിൽ
ചിരകാല സൗഹൃദപർവ്വം.
നിറമാലച്ചാർത്തിന്റെ വർണ്ണവസന്തങ്ങൾ
മുറപോലെ പൂത്തുലഞ്ഞല്ലൊ!



ജയപാലൻ കാര്യാട്ട്

# അടയാളപ്പെടുമ്പോൾ

ഞാനിനിയും എന്റെ
ഹൃദയത്തിലെത്തുന്ന
ശ്വാസ പക്ഷികളോട് പിന്നെയും
കടം ചോദിയ്ക്കുന്നില്ല,

അകന്നുപോയ ഋതുക്കളോടായി
കാലം തിരക്കുന്നില്ല
മാഞ്ഞുപോയ ദിനങ്ങൾക്കായിനിയും
മനസ്സൊരുക്കുന്നില്ല ,

മറന്നുപോയ മനുഷ്യർക്കുമേൽ
ഓർമ്മ ചാരുന്നില്ല ,
മരിച്ചുപോയ സ്വപ്നങ്ങളെയിനിയും
തിരഞ്ഞു നടക്കുന്നില്ല,

തുടിച്ചു പൊന്തുന്ന മിടിപ്പുകൾക്കു -
മേൽ കിനാവു കാണുന്നില്ല ,
പിരിഞ്ഞകന്ന നിഴലുകളുടെ
സ്മൃതിചിത്രം വരയ്ക്കില്ല

ഇങ്ങനെയെന്റെ ചെറിയ
ജീവിതത്തിടയാളമായി
മറ്റൊരടയാളവും ഞാനിവിടെ
സൂക്ഷിയ്ക്കുന്നില്ല ,

ഒടുവിൽ.... നിന്നോളം
മറ്റൊന്നുമില്ലാതെ ഒരുനാൾ
ഞാനൊറ്റയ്ക്കു പടിയിറങ്ങും ,

അപ്പോഴുമെന്റെ ജീവന്റെ മായാത്ത
അടയാളമായി മനസ്സിൽ
നീ മാത്രമുണ്ടാകും ,

നീയറിയാതെ പോയ
പ്രണയത്തിലെനിക്കു കാലം
നൽകാതെ പോയ നിന്നോളം
മറ്റൊന്നുമുണ്ടാകില്ല അന്നുമെന്നിൽ
വിലയുള്ളതായൊന്നും,

ഒന്നിനുമല്ല , വെറുതെയെങ്കിലും
നിന്നെ എനിയ്ക്കെന്റെ മരണത്തിനു
മുന്നിലെന്റെ ജീവിതമായി
അടയാളപ്പെടുത്തുമ്പോൾ
ഓർമ്മകളുടെ ആഴങ്ങളിലേക്ക്
മരണത്തോളമെന്റെ മനസ്സിനെ
തണുപ്പിക്കുന്നൊരു മഞ്ഞുകണം പോലെ...!



നിബിൻ കള്ളിക്കാട്



# സുഹൃത്തിന്റെ മരണം



പ്രദീപ് എസ് എസ്

കവിത

ഉദാസീനമെന്നെത്തലോടി
സുഹൃത്ത് മരിച്ചതിൻ വാർത്ത
കുറെ നേരമോർമ്മിച്ചിരുന്നു
കൊയ്തൊഴിഞ്ഞൊരു നെൽപ്പാടം
എന്നേ മരിച്ചു പോയിരുന്നു
ഓർമ്മകളിൽ നിന്നവൻ

കലുങ്കിൽ ചടഞ്ഞിരുന്നു
മടുത്തു നാം രണ്ടു രാത്രികൾ
ഇടയ്ക്കുപേക്ഷിച്ചു പോകുന്ന
'മൂന്നു നായ് പുലി' കളിക്കളം
തെളിയുന്നു മൂടൽമഞ്ഞിൽ
മണിമലക്കുന്നു ലൈബ്രറി
നാകുളം കല്ലും പടവും
നാരായണീയ സ്ത്രോത്രവും
കരിമ്പനച്ചാൽ ഷാപ്പും
ടൗണിലെ ലതാ ടാക്കീസും
വാക്കിൻ വിപ്ലവപ്പേച്ചിൽ
പൂത്തുലഞ്ഞ മദിരോത്സവം

പതിവുപോലിന്നുമാകാശം
പറക്കുന്നു പക്ഷികൾ മേലേ
പുഴയുമെന്നത്തെയും പോ-
ലൊഴുകുന്നു നിസ്സംഗമായ്
മേതലയ്ക്കുള്ള 'മാർത്ത'യും
സമയം തെറ്റാതെയങ്ങനെ!

(മൂന്നു നായും പുലിയും ഒരു നാടൻ കളി)

# പുഴയൊരുത്തി



ബഷീർ മുളിവയൽ

അവളെകാണുമ്പോഴെല്ലാം കൂടെ
പുഴയുമുണ്ടായിരുന്നു
അവൾക്ക് പുഴയുടെ ഛായയാണോ,
അതോ പുഴക്ക് അവളുടേതോ ?
പുഴചിരിക്കും പോലെ ചിരിച്ചു
പുഴ ഒഴുകും പോലെ ഒഴുകി
പുഴയെപ്പോലെ തഴുകി നനച്ചു


അവളിൽ ഇറങ്ങിയവരെല്ലാം
ശുദ്ധരായി അവൾ കൂടുതൽ
അഴുക്കായി ,അശുദ്ധയായി

എല്ലാവർക്കും , കുളിര് നൽകി
എല്ലാവരുടെയും ദാഹമകറ്റി
എന്നിട്ടും
അവൾ കേറി വരുമോ എന്ന്
എല്ലാരും ഭയന്നു
അവളൊന്ന് നിറയുമ്പോഴേക്കും
അപകട സൂചനകൾ നൽകപ്പെട്ടു,
ആളുകൾ മാറിത്താമസിച്ചു
പ്രാർത്ഥനകളും , വഴിപാടുകളുംനേർന്നു !

അവളുടെ ഓർമകളിൽ എത്രയോ
മാന്യന്മാരുടെ നഗ്നതകൾ ആണ്ട് കിടന്നു
എത്രയോ പേരുടെ മാനാഭിമാനങ്ങളും കണ്ണുനീരും
അവളിൽ കലർന്നൊഴുകി

ആരെയും തന്നിലേക്ക് വലിച്ചടുപ്പിക്കാതെ
അലകളെയും ,
കണ്ട വഴിയെ പോയി നഷ്ടംവരുത്താതെ
ഒഴുക്കിനെയും നിയന്ത്രിച്ച്
ഏത് പ്രളയം വന്നാലും
മാനം തെളിയുമ്പോഴേക്കും ശാന്തമായി
തടിച്ചും, മെലിഞ്ഞും തന്റെ ദിശയിൽ
ഒതുങ്ങി ജീവിച്ചു

സങ്കടങ്ങളിലും , സന്താപങ്ങളിലും
തന്നിലേക്കുവന്നവർക്ക് സന്തോഷം നൽകി
വറ്റുംവരെ ഇരുവശങ്ങളിലും നന്മയുടെ
പച്ചപ്പ് വളർത്തുന്നപെണ്ണൊരുത്തീ-
നിന്നെ പുഴയെന്നല്ലാതെ
എന്ത് പേര് വിളിക്കും



കവിത

# വിശ്വകവിയോട്




അജയ് നാരായണൻ

രോമകൂപങ്ങളിൽ തുള്ളിത്തുളുമ്പും മദജലം,
ഏതോ വിഷാദത്തിലാഴ്ത്തുന്നു എന്നെയും.
വിരഹമോ താപമോ സ്മൃതിയിലെരിയും
നിഴൽ ചലനങ്ങളോ, പൂർവ്വജന്മമോ?

എന്തിത്ര നോവുകൾ കർണ്ണികാരങ്ങളേ,
പൂക്കാതെയടർന്നതിനാലോ,
നിങ്ങളെയാർദ്രമാക്കാനിതുവഴി
വരുമെന്നോതിയ
പയസ്വിനി വരാഞ്ഞതിനാലോ,
പഴംകഥകളിലെയപരനാമങ്ങളെ
കടംകൊണ്ടു ബിംബങ്ങളാക്കിയ
കവനത്തിൽ
ധ്വനികളെയൊളിപ്പിച്ചതിനാലോ?

എന്തിനീയാത്മസംഘർഷം,
എന്തിനീയഗ്നിഹത്യ,
എന്തിനീ ജീവകണങ്ങളിലെങ്ങും പടർന്ന
ഭാതങ്ങളിൽ രാ പടർത്തി നീ
അക്ഷരങ്ങളെ ക്ഷരങ്ങളാക്കി, യിതു
പ്രണയഭംഗമോ പ്രണവനാശമോ
മാടിവിളിക്കും മരണമോ,
പറയൂ, വിശ്വമഹാകവീ!



# പ്രതീക്ഷയുടെ കാത്തിരിപ്പ്

കവിത

കൈവിട്ടുപോയ പ്രതീക്ഷകളുമായി
ആ കാത്തിരിപ്പിന്റെ കേന്ദ്രത്തിലേക്കവന്റെ
കാലുകൾ നടന്നടുക്കുമ്പോൾ
പുഞ്ചിരി തൂകിയവനെയും
കാത്തിരിപ്പുണ്ടായിരിന്നു,
 തന്റെ സ്നേഹപാതി യായി പിറന്നവൾ...

ഉറ്റുവീഴാൻ വെമ്പിയ
മിഴിനീർ തുള്ളികളെ

ഷംല ആവള



മായ്ച്ചുകൊണ്ടവൻ
അവളുടെ നേർക്കൊരു
പുഞ്ചിരിപൂ വിരിയിച്ചു

മരുന്നിന്റെ മണം കെട്ട
ആശുപത്രിക്കെട്ടിടത്തിന്റെ
ശ്വാസം മുട്ടുന്ന നാളുകളിൽ നിന്നും
ഒരിത്തിരി നാളത്തേക്കൊരു
തിരിച്ചു പോക്കിനായി
പ്രതീക്ഷയുടെ കിരണം
കാത്തിരിപ്പാണവരവിടെ

നീറുന്ന നെഞ്ചിലെ വേവുന്ന നോവ് പാതി
യറിയാതെ മറയ്ക്കാൻ ശ്രമിക്കുന്നുണ്ടവൻ

അത്രമേൽ പ്രണയം
പകർന്ന പാതിയെന്നി ൽ നിന്നകലേക്ക്
പോകുവാൻ നാളുകൾ
എണ്ണി കാത്തിരിപ്പാണെ ന്ന സത്യം
 ഉള്ളിന്റെയുള്ളിൽ
വേദനയായി പൂട്ടി
വെച്ചവൻ കണ്ണിൽ
പുഞ്ചിരി നിറച്ചു

തള്ളി നീക്കിയ നാളുകളിൽ
കരഞ്ഞു തീർത്ത
വേദനകളൊക്കെയും
നാളെ പുഞ്ചിരിയായി
വിടരുമെന്ന പ്രതീക്ഷ
അവസാനിച്ചത്
മൃതിയെക്കാൾ കുത്തി
നോവിച്ചിടുന്നു,

തിരക്ക് പിടിച്ചു പായുന്ന വണ്ടികളെ നോക്കി
കണ്ണിമ ചിമ്മാതെ നോക്കിയവരിരുവരും
ജീവിതത്തിന്റെ ഓട്ടം
നിലച്ച നീറ്റലിൽ
കണ്ണീരൊഴുക്കി,

അകലെ നിന്നെത്തുന്ന
നിറമുള്ള വണ്ടിയിൽ
അകലേക്ക് നീളുന്ന
യാത്രക്ക് വേണ്ടി
ഒരിടം അരികിലായി
അടുക്കിവെച്ചു..
അറ്റമറിയാതെ
യാത്ര തുടരുവാൻ
കഴിഞ്ഞെങ്കിൽ
എന്നകലേക്ക് മിഴി
പാകിയവരും കൊതിച്ചു പോയി

കവിത

# മറവിയുടെ വേഗം





അഡ്വ. നളിനാക്ഷൻ ഇരട്ടപ്പുഴ

നീ പോയ മണിക്കൂറുകൾക്കുള്ളിൽ
വീട്ടുമുറ്റത്തെ കരച്ചിലുകൾ
ഒരു ശബ്ദമില്ലാത്ത മൗനത്തിലേക്ക് വഴുതിപ്പോകും.
അടുക്കളയിൽ വീണ്ടും അടുപ്പു തെളിയും,
പാത്രങ്ങളിൽ കരിയുന്ന ഉള്ളിയുടെ വാസനയിൽ
ദുഃഖത്തിന്റെ നിറം അലിഞ്ഞുമാറും.

സുഹൃത്തുകൾ വരും
കൈകളിൽ കരുതിയ കാപ്പിക്കപ്പുകൾക്കൊപ്പം
രാജ്യത്തെയും രാഷ്ട്രീയത്തെയും കുറിച്ച്
വിവാദങ്ങൾ തുടങ്ങും.
ചിലർ എത്താനാകാതെ
ഫോണിന്റെ മറുവശത്ത് നിന്നും
'ശോകം പങ്കിടുന്നു' എന്ന
ചില വാക്കുകൾ മാത്രം സമ്മാനിക്കും.

നിന്റെ ജോലിസ്ഥലത്ത്
നീ വിട്ടുപോയ കസേരയിൽ
വേഗത്തിൽ മറ്റൊരാൾ ഇരിക്കും;
നിന്റെ ഫയലുകളിൽ പതിഞ്ഞിരുന്ന
കയ്യെഴുത്ത് പോലും
ഒരു പുതിയ ഒപ്പിന്റെ കീഴിൽ മറഞ്ഞുപോകും.

കുട്ടികൾ
ചില ദിവസത്തെ ഞെട്ടലിനു ശേഷം
വീണ്ടും സ്കൂളിന്റെയും
ഹോംവർക്കിന്റെയും കളികളുടെയും
പാതയിലേക്ക് മടങ്ങും.
അവർക്ക്
നീ പറഞ്ഞ കഥകൾ പോലും
മേഘത്തിന്റെ അരികിൽ വിറയുന്ന
ഓർമ്മകളായി മാറും.

കുറച്ചു ദിവസം കഴിഞ്ഞാൽ
നിന്റെ പങ്കാളി,
ഹൃദയത്തിൽ വിള്ളൽ വേദനിച്ച് കൊണ്ടിരുന്നാലും
ജീവിതത്തിന്റെ കഠിനമായ പതിവുകളെ
വീണ്ടും ഏറ്റെടുത്തു നടക്കും.
കൂട്ടുകാരുടെ മുഖത്ത്
മങ്ങിയൊരു പുഞ്ചിരി വരയ്ക്കും,
രാത്രിയിൽ മാത്രം കണ്ണുനീരോടെ
ശൂന്യതയെ ചേർത്ത് പിടിക്കും.

ഇങ്ങനെ
മറവിയുടെ വേഗത്തിൽ
ലോകം നിന്നെ വിട്ടുമാറും.
നിന്റെ ചിത്രം മതിലിൽ തൂങ്ങി നിന്നാലും
പൂക്കൾ വാടുകയും പൊടിപിടിക്കുകയും ചെയ്യും.
അഞ്ചു വർഷങ്ങൾ കഴിഞ്ഞാൽ
പേര് വിളിക്കപ്പെടുന്നത് പോലും
കുറഞ്ഞുവരും.

അപ്പോൾ ഒരു ചോദ്യം മാത്രം
ആർക്കുവേണ്ടിയാണ് നീ ജീവിച്ചത്?

ഉത്തരം
ലോകം നിന്നെ മറന്നാലും
നിന്റെ ഉള്ളിലെ ശാന്തിക്കായി,
സ്വന്തം ഹൃദയത്തിന്റെ നിശ്ശബ്ദ സമാധാനത്തിനായി.

# ഒരു മതിലിനപ്പുറം കത്തുന്ന കനൽ



കുഞ്ഞച്ചൻ മത്തായി



ഞാൻ ആദ്യം എഴുതിതുടങ്ങിയത്
ഗാനങ്ങൾ ആയിരുന്നു
തീപ്പന്തം വാരികയിൽ കരിമഷിയാൽ
അച്ചടിച്ചു വന്നപ്പോൾ മേരിക്കുട്ടി
ടീച്ചറിന്റെ മകൾ സ്റ്റെല്ല പറഞ്ഞത്രേ.
മത്തായിയുടെ ഗാനം വായിച്ചു
ഇഷ്ടമായി കേട്ടോ........!

ഇനിയും എഴുതണം
ഇതിലും മെച്ചപ്പെട്ടത് കാച്ചി കുറുക്കി
എടുക്കണം പായസം പോലെ
രുചിക്കാൻ സ്വാദുള്ള പച്ച മാംസങ്ങൾ.
ഞങ്ങൾ ഒരു മതിലിനപ്പുറം
ഇപ്പുറമുള്ളവർ സമപ്രായക്കാർ

ചില നേരങ്ങളിൽ അവളുടെ
നയനങ്ങൾ കാപ്പിച്ചെടികൾക്കിടയിലൂടെ
അഗ്നിക്കനലായി പാഞ്ഞു വരും
അണിഞ്ഞൊരുങ്ങലും വേഷം മാറ്റലും
സിനിമയിൽ കാണും പോലെ
പലവർണത്താൽ ഉടയാടകൾ
മാറിമാറി കൊണ്ടിരിക്കും

എന്നിലേക്ക് അവളുടെ
പ്രണയലതാ പടർന്നെത്തും മുന്നേ
വെറുതെ ഞാനെന്റെപ്രണയകാവ്യം
എഴുതി മർച്ചന്റ് വാരികയിൽ
പ്രസിദ്ധീകരിച്ചു
അതിനുശേഷമവൾ
പൂമുഖത്തേക്ക് വരാറില്ല
അരിമുല്ല പല്ലു കാട്ടി ചിരിക്കാറില്ല
മാറി മാറിയുള്ള ഭംഗി
വസ്ത്രങ്ങൾ ധരിക്കാറില്ല

പാവം പെണ്ണവൾ
പ്രണയ പനിയിൽ നിന്നും
മോചനമായിടുന്നു
ഇപ്പോൾ സർവ്വത്ര നേരവും
ഉടയാടയില്ലാത്ത ചിത്രങ്ങളുടെ
ചിത്രകാരിയവൾ.......!




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച





അന്ന ഐസക് ജോസഫ്
9–ക്ലാസ് വിവേകോദയം സ്കൂൾ തൃശൂർ.




ആരാധ്യ വർമ്മ CK
6 A
ANMMUPS തളി.




അന്ന ഐസക് ജോസഫ്
9–ക്ലാസ് വിവേകോദയം സ്കൂൾ തൃശൂർ.



ദ്വിവിക് വർമ്മ സി.കെ
2 A
Anmmups തളി



**സൗരവ് എം .കെ**
5th Std
വ്യാസ വിദ്യാനികേതൻ പുഴക്കര
എരമംഗലം




**കാശിനാഥ്. എ.ആർ**
3 B
**സെന്റ് ജോസഫ് ഹൈസ്കൂൾ ഏനാമാക്കൽ.**



**തമന്ന ഉമർ പി പി**
പത്താം ക്ലാസ്
മള്ഹറുൽ ഉലൂം വടയം



**ഹൈസ മെഹ്സബിൻ**
2nd-D
എം. ഇ. ടി സ്കൂൾ, നാദാപുരം

കഥ

## പൂമ്പാറ്റ കഥ

ഒരിടത്ത് ഒരിടത്ത് ഒരു പൂമ്പാറ്റ താമസിച്ചിരുന്നു. ഒരു മരക്കൊമ്പിൽ ആണ് താമസിച്ചിരുന്നത്. പക്ഷേ അവന് കൂട്ടുകാർ ഒന്നുമില്ല. അതിന്റെ പിറ്റേദിവസം ഒരു പൂമ്പാറ്റയും കൂടി അവിടെയെത്തി.രണ്ടു പൂമ്പാറ്റകളും കണ്ടു അവർ കൂട്ടുകാരായി. പിന്നെ കുറെ സ്ഥലങ്ങളിൽ പോയി അവർ രണ്ടുപേരും നല്ല കൂട്ടുകാരായി. അവർ തേന്മാരക്കൊമ്പിൽ, അങ്ങനെ പല സ്ഥലങ്ങളിൽ അവർ ഒരുമിച്ചു പോയി. രണ്ടുപേരും കൂടി ഒരു ദിവസം ഒരു സ്ഥലത്ത് പോയി. അവർ വിശ്രമിക്കുന്ന സമയത്ത് ഒരു പൂമ്പാറ്റയും കൂടി അവിടെ എത്തി. അങ്ങിനെ അവർ മൂന്നു പേരും നല്ല കൂട്ടുകാരായി.

**ദൃശ്യ കൃഷ്ണ ടി.ഡി**
3B
ക്രൈസ്റ്റ് കിംഗ് കോൺവെന്റ്.
L. P സ്കൂൾ
പാവർട്ടി

കുട്ടിക്കവിതകൾ

## 1. അമ്മ

അമ്മ എന്റെ അമ്മ(2)
എന്റെ ജീവന്റെ പാതിയാം അമ്മ
എന്റെ ജീവന്റെ പാതിയാമമ്മ അ...ആ നമ്മെ
സ്നേഹിച്ച ഈ അമ്മയെ നാം നോവിക്കരു
തെ ഒരു നാളും(2)
അമ്മയില്ലെങ്കിൽ
ഞാനില്ലയീ മണ്ണിൽ അമ്മേ.. അമ്മേ.. അമ്മേ
അമ്മ എന്റെ അമ്മാ.. ആ..ആ...

## 2. മഴത്തുള്ളി

മഴ മഴ മഴത്തുള്ളി
മഴ മഴ മഴത്തുള്ളി
മഴയുടെ കുഞ്ഞാം മഴത്തുള്ളി
എല്ലാവർക്കും ദാനമാം മഴത്തുള്ളി
മഴ മഴ മഴത്തുള്ളി
മഴ മഴ മഴത്തുള്ളി

**നിള കൃഷ്ണ ടി. എൽ**
5 Std
C.K.C.G.H.S, പാവർട്ടി.

കഥ

## കുട്ടനും മുട്ടനും

കുട്ടന്റെ അച്ഛന് ഒരു പാട് ആടുകളുണ്ടായിരുന്നു.. വികൃതിയായ ആടായിരുന്നു മുട്ടനാട്. എങ്കിലും കുട്ടന് ഒരു പാടിഷ്ടായിരുന്നു. ഒരു ദിവസം വെള്ളം കൊടുത്ത ശേഷം കൂടിന്റെ വാതിൽ അടക്കാൻ മറന്നു. മുട്ടനാട് ആരുമറിയാതെ പുറത്ത് പോയി. കുറെ നടന്നപ്പോൾ അവനാകെ പേടിയായി. അപ്പോഴതാ കുട്ടന്റെ അച്ഛൻ വരുന്നു. അച്ഛൻ വേഗം അവനെ കൂട്ടി വീട്ടിലേക്ക് വന്നു. മുട്ടനെ കണ്ടേപ്പോൾ കുട്ടന് സന്തോഷമായി.ഞാനിനി പറയാതെ പോകില്ല. മുട്ടൻ കുട്ടനെ കെട്ടിപിടിച്ചു.

**ദ്വിവിക് വർമ്മ സി.കെ**
2 A
Anmmups തളി

